

# മറവി എഴുതുന്നത്

ദേശമംഗലം രാമകൃഷ്ണൻ

# മറവി എഴുതുന്നത്

ദേശമംഗലം രാമകൃഷ്ണൻ

# വികാസത്തെ പ്രത്യക്ഷമാക്കുന്ന കവിത
## കെ.പി. അപ്പൻ

കവിതയിൽ നീട്ടിപ്പാടാവുന്ന സംഗീതമില്ല. കവിതയിലെ സംഗീതം ആന്തരികമാണ്. അതു ശബ്ദസുന്ദരനായ വള്ളത്തോൾ ബധിരനായശേഷം ഉള്ളിൽ കേട്ട സംഗീതമാണ് 'ബധിരശ്രുതി' എന്ന് ദേശമംഗലം രാമകൃഷ്ണൻ ഒരു കവിതയിൽ പ്രയോഗിക്കുന്നുണ്ട്. അതു വൈരുദ്ധ്യാത്മക കല്പനയിലൂടെ സൃഷ്ടിക്കപ്പെടുന്ന തന്റെ കവിതയെ സംബന്ധിക്കുന്ന യാഥാർത്ഥ്യമാണ്. ഈ സംഗീതം കവിതയുടെ പ്രാതലാണ്. അത് മൗനത്തിൽ തിളങ്ങുന്ന സംഗീതമാണ്. രാജാരവിവർമ്മയുടെയും പത്മിനിയുടെയും കെ.സി.എസ്. പണിക്കരുടെയും ചിത്രങ്ങളിൽനിന്ന് ഇറങ്ങിവന്ന സംഗീതമാണിത്. ഇത് ആറ്റൂർ രവിവർമ്മയുടെയും അയ്യപ്പപ്പണിക്കരുടെയും കക്കാടിന്റെയും കവിതയിൽ പ്രവേശിച്ച സംഗീതമാണ്.

മറവി എഴുതുന്നത് എന്ന കാവ്യസമാഹാരത്തിൽ ഓർമ്മപോലെ തീവ്രമായ മറവിയാണ് സംസാരിക്കുന്നത്. മിഥ്യകളെ നമ്മുടെ കൺമുമ്പിൽ നിന്ന് നീക്കിക്കളയുന്ന യാഥാർത്ഥ്യത്തിന്റെ സമൃദ്ധിയാണത്. വാസ്തവത്തിൽ ഈ കവിയുടെ രചനകളിൽ ചരിത്രകാരന്റെ മറവി മൗനമായി മറഞ്ഞിരിക്കുകയാണ്. ഈ മറവിയെ അരുണനീലമായൊരു ഓർമ്മയായി കവി തിരിച്ചറിയുന്നു. അത് ദേശമംഗലം സൃഷ്ടിക്കുന്ന അത്ഭുതകലയാണ്. ചരിത്രത്തിന്റെ പ്രവർത്തനക്രമം കവിതയിൽനിന്ന് ആവശ്യപ്പെടുന്ന ഇന്ദ്രജാലമാണത്. ചരിത്രം തെറ്റായ വാർത്തകൾകൊണ്ടു നിറയാതിരിക്കാൻ കവിയുടെ ഉള്ളിലെ തീക്ഷ്ണത ചരിത്രത്തിന്റെ ഉള്ളിലെ ഗ്രഹണശക്തിയുടെ കോഴിയെ കൂവിയുണർത്തുകയാണ്. ഇത് കവിഭാവന സൃഷ്ടിക്കുന്ന വിപരീതങ്ങളുടെ ഇന്ദ്രജാലമാണ്. ഒരു പ്രഭാതത്തെ അറിയിക്കാൻ കോഴി ഇപ്പോൾ കൂവുന്നില്ല എന്ന ആശയചിത്രം ദേശമംഗലത്തിന്റെ കവിതകളിൽ കടന്നുവരുന്നതു കാണാം. മൂർഖമായ ചരിത്രസത്യങ്ങളുടെയോ ചരിത്രത്തിന്റെ ചമ്മട്ടിപ്രഹരങ്ങളുടെയോ പ്രദർശനശാലയല്ല ഈ കവി ഒരുക്കിവച്ചിരിക്കുന്നത്. ചരിത്രം ഇവിടെ ആളിക്കത്തുകയല്ല.

അൽപ്പാൽപ്പം തിളങ്ങുകയാണ്. ചരിത്രം ഏറ്റവും സത്യസന്ധമായ അനുഭവമായി വന്ന് കവിതയിൽ മിഞ്ചുകയാണ്. കവിത ഇവിടെ നക്ഷത്രത്തെക്കാൾ മൗനം പാലിക്കുന്നു. എന്നാൽ ചരിത്രത്തെ അർത്ഥമാക്കുകയും ചെയ്യുന്നു. ഇതാണ് തന്റെ രചനകളിൽ രാമകൃഷ്ണൻ സൃഷ്ടിക്കുന്ന കാവ്യാനുഭവത്തിന്റെ യാഥാർത്ഥ്യം. ഇതു നമ്മുടെ കാലഘട്ടത്തിൽ ജീവിക്കുന്ന ഒരു കവിയുടെ മനസ്സ് എന്തെല്ലാം കാര്യങ്ങളാലാണ് നിറയപ്പെട്ടിരിക്കുന്നതെന്ന അത്ഭുത രസത്തിലേക്ക് നമ്മെ കൂട്ടിക്കൊണ്ടുപോകുന്നു.

സമകാലികജീവിതം ഇവിടെ സ്വാഭാവികമായി കടന്നുവരുകയാണ്. ഒരു തീക്ഷ്ണതയായിവന്ന് നമ്മുടെ സിരകളെ അതു കൊത്തുന്നു.

‘കറുത്തൊരെറുമ്പുകൾ
ചോരയിൽ കടിക്കുന്നു
............................................
കറുത്ത കങ്കാളങ്ങൾ
പിറകേ നടക്കുന്നു
കറുത്ത ചിലന്തിയെൻ
ശിരസ്സിൽ കടിക്കുന്നു’

ജീർണ്ണസമൂഹത്തിനെതിരെ സംഘടിക്കുന്ന വാക്കുകളാണിവ. സത്യസന്ധായ ഏതു കവിതയും ജീർണ്ണസമൂഹത്തിന്റെ ശത്രുവായിരിക്കും. കാപട്യം നിറഞ്ഞ സമൂഹത്തിന്റെ വിരുദ്ധചേരിയിലായിരിക്കും അതിന്റെ സ്ഥാനം. ജനങ്ങളെ പുകഴ്ത്തുകയും അവരെ സ്നേഹിക്കാതിരിക്കുകയും ചെയ്യുന്ന രാഷ്ട്രീയക്കാരുടെ എതിർചേരിയിലാണ് കവി നിൽക്കുന്നത്. കവിയുടെ ആശയലോകം വിരുദ്ധോക്തികൾ നിറഞ്ഞ കവിതയായി മാറുന്നു. എന്നാൽ ഈ വിരുദ്ധോക്തിയുടെ അനുഭവസാക്ഷ്യങ്ങൾ വ്യത്യസ്തമാണ്. കാരണം വിമർശനപരമായ ആശയങ്ങൾ വായനക്കാരന്റെ ഉള്ളിൽ സൃഷ്ടിക്കുന്ന വിരുദ്ധോക്തിയാണിത്. കഠിനമായ സമകാലിക യാഥാർത്ഥ്യങ്ങൾ കവിതയിൽനിന്ന് ഗന്ധർവ്വനഗരിയെയും മൃഗതൃഷ്ണകളെയും ഒഴിവാക്കുന്നു. ഈ യാഥാർത്ഥ്യങ്ങൾ

ബാഹ്യജഗത്തിനെക്കുറിച്ചുള്ള മിഥ്യാജ്ഞാനങ്ങളെ ഇല്ലാതാക്കൻ ശ്രമിക്കുന്നു. യാഥാർത്ഥ്യം വളരെ സ്വതന്ത്രമായി കവിതയിൽ പ്രതിഫലിക്കുകയാണ്. നേരത്തേ പ്രതീകവൽക്കരിക്കപ്പെട്ട യാഥാർത്ഥ്യങ്ങൾ ജഡതയായി കവിതയിൽ പ്രത്യക്ഷപ്പെടുന്നില്ല. ഇതു ജഡമായ സാമൂഹികവീക്ഷണത്തിന്റെ ഭാഗമല്ല. ഇത് ഏതു നല്ല കവിയിലും കാണുന്ന ദാർശനികതയുടെ ഭാഗമാണ്. ഈ ദൃശ്യപ്രപഞ്ചത്തിൽ ഇനിയും എന്താണ് കണ്ടെത്താനുള്ളത്? എന്ന അന്വേഷണത്തിന്റെ ഭാഗമായി സമകാലിക യാഥാർത്ഥ്യങ്ങൾ കവിതയിൽ കടന്നുവരുകയാണ്. പരിഷ്കാരത്തിന്റെ പാഞ്ഞുകയറ്റം സംഭവിക്കാത്ത അനുഭവങ്ങളുടെ ഒരു വാസസ്ഥലം ദേശമംഗലത്തിന്റെ സിരാപടലത്തിലുണ്ട്. ഈ ശുദ്ധമായ വാസസ്ഥലത്തുനിന്ന് ചില ആഗ്രഹങ്ങൾ ഉണരുകയാണ്. കവിത അപ്രത്യക്ഷതയെ നേരിടരുതെന്ന് കവി ആഗ്രഹിക്കുന്നു. ജീവിതം മരണത്തിനും നിരാശയതയ്ക്കും അപ്പുറത്തായിരിക്കണം എന്ന് കവി ആഗ്രഹിക്കുന്നു. ഇത് ആഗ്രഹങ്ങളുടെ ദീർഘമായ പദ്ധതികളാണ്. അതിനാൽ ചെറിയ കാവ്യങ്ങളല്ല, ദീർഘകാവ്യങ്ങളാണ് ദേശമംഗലം സൃഷ്ടിക്കുന്നത്. ഇവിടെ ഒരു ക്ഷണികാവലോകനം അസാദ്ധ്യമായിത്തീരുകയാണ്. അനുഭവങ്ങളുടെ കാര്യകാരണങ്ങൾ ഒരു ക്രമത്തിൽ സംഗീതമായി വളരുകയാണ്.

ഇതു കവി സ്വന്തം പ്രബോധനത്തിനുവേണ്ടി ആലപിക്കുന്ന സംഗീതമാണ്. അത് വരാൻപോകുന്ന കാലത്തിലെ വിദൂരവസ്തു വീക്ഷണത്തിലേക്കു പോകുന്ന സംഗീതമാണ്. ഇങ്ങനെയൊരു സംഗീതം സൃഷ്ടിച്ചുകൊണ്ട് കവിഭാഷയെ വ്യക്തിപരമായ മന്ത്രമാക്കി മാറ്റുന്നു. ഇതിലൂടെയാണ് കവി തന്റെ ഭാഷയെ നവീകരിക്കുന്നത്. അല്ലെങ്കിൽ അതിനെ അഗാധമായി സമ്പന്നമാക്കുന്നത്. ഇതിലൂടെതന്നെയാണ് കവി തന്റെ നിലനില്പിന്റെ അവകാശം സ്ഥാപിക്കുന്നത്. ദൈനംദിനവിനിമയത്തിൽ ഉപയോഗിക്കുന്ന ഭാഷയിൽനിന്നു പ്രത്യേകം തിരഞ്ഞെടുത്ത വാക്കുകളിൽ ദേശമംഗലം കവിത രചിക്കുന്നു. പുഷ്പസമൃദ്ധമായ ഭാഷ ഉപയോഗിക്കുന്നില്ല. വാക്കുകളെ അവയുടെ ലൗകികപദവിയിൽ കവി

തിരിച്ചറിയുകയാണ്. തേക്കുപാട്ടിന്റെ താളവും തൈർ കടയുന്നതിന്റെ വിചിത്രമായ താളവും സ്വതന്ത്രഛന്ദസ്സിനെ സ്വാഭാവികമായ കേരളീയതകൊണ്ട് ചൈതന്യവത്താക്കുന്നു. വികാസത്തിനുള്ള ഈ ഇച്ഛ ഈ കവിതകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഈ ഇച്ഛയാമ് ദേശമംഗലത്തിന്റെ കവിതയുടെ ചരിത്രത്തെ നയിക്കുന്നത്. ഈവിധം സമൂഹത്തിന്റെ വികസിത വൈരുദ്ധ്യങ്ങളെ പ്രത്യക്ഷമാക്കിക്കൊണ്ട് കവിത സ്വയം വളരുകയാണ് . അങ്ങനെ കവിയുടെ കണ്ണുകൾ അനാഥമല്ലെന്ന് കവിത തെളിയിക്കുന്നു. ഇതെല്ലാംകൂടി ഏതുതരം ധാരണയാണ് മുന്നോട്ടുവയ്ക്കുന്നത്? അതു വളരെ വ്യക്തമാണ്. ദേശമംഗലത്തിന്റെ കവിത പഴയ ഭാവാത്മകതയെ ഇല്ലാതാക്കുന്നു. പുതിയൊരു ഭാവാത്മകത തേടിക്കൊണ്ടിരിക്കുന്നു. അതിനാൽ നിരന്തരമായ മാറ്റത്തിന്റെയും വികാസത്തിന്റെയും കവിതകൾ നിറഞ്ഞ ഈ ഗ്രന്ഥം സന്തോഷപൂർവ്വം അവതരിപ്പിക്കാൻ എനിക്കു കഴിയുന്നു.

## കവിതകൾ


വെറുതെയെങ്കിലും വായിച്ചുനോക്കുക
മറവി എഴുതുന്നത്
വേട്ടമുറിവുകൾ
അന്യോന്യം
നടന്നാലെത്രത്തോളം
തള്ളയ്ക്കില്ല മരണം
അതിഥിക്ക്
നേരം
ഒരു ജനനത്തിന്റെ ഓർമ്മ
അവർ പറഞ്ഞത്
ശിവരാത്രികൾ
കനലാഴി
കുഞ്ഞൻ
നിളപോലെ
അറിവാൾ
ചരിതം
കത്ത്
കല്ലുകളും നദിയും
തിരിച്ചുചോദിക്കുന്നില്ല
ഭഗവദ്ഗീതയിൽ
ആര്യവട്ടം
ഗുരുലഘു
തനിപ്പിടി
ചങ്ങാതിക്കുറി
പതിവുപോലൊരു പ്രതിഷേധസന്ധ്യ
ഒരിലയുടെ കഥ
ഇല്ലിപ്പൂക്കൾ
ഒരു നഗരക്കിനാവ്
സുകൃതം
എന്തെഴുതണം
ഒരു സുഹൃത്തിന്റെ ജീവിതത്തിൽ
മൃത്യുവിൻ പേരുകൾ

## വെറുതെയെങ്കിലും വായിച്ചുനോക്കുക

ഒഴിവുകാലമല്ലേ
തരമുണ്ടെങ്കിലിത്തകിടിയിൽ
അല്പനേരം കിടക്കാം
ശേഷിക്കുമിപ്പച്ച തീരുമ്പൊഴേയ്ക്കും
വേഷമഴിച്ചതിൽ മുങ്ങിക്കിടക്കാം.

തോന്നിയതൊക്കെ കുറിച്ചിട്ടതിൽനിന്നു
തോന്നുന്നപോൽ ചില കവിത വായിക്കാം
ഇതു ശരിക്കുമെൻ ഹൃദയത്തിൽനിന്നും
ചീന്തിയെടുത്തത്
(എന്നെന്റെ നാട്യം)
ചുനയുണങ്ങാത്തത്
ചുരമാന്തിനില്പത്.
തോന്നുന്നുവെങ്കിലിടയ്ക്കിടെ മൂളുക
തോന്നാതിരിക്കിൽ മുഖം തിരിക്കാതെ
ഓരോ കൊളുത്തിലും തൊട്ടുവിളിക്കുക.

വായിക്കയാണു ഞാൻ
എന്തേ ഇടയ്ക്കിടെ
നീ ചിണുങ്ങുന്നു ഗോഷ്ടികൾ കാട്ടുന്നു
ഞാൻ പതറുന്നുവോ-
എങ്കിൽ കവിതകൾ വേണ്ട
കന്മഷം വേണ്ട
തലകുത്തിനില്ക്കാം
ചുറ്റിത്തിരിയുന്ന വാനത്തിലൂടെ, കൈ-
കാൽകൾ ചുഴറ്റിക്കറങ്ങാം
നക്ഷത്രബംഗ്ലാവിലുള്ള കോമാളിയെ
കാൽവെള്ളയിൽവെച്ചൊരമ്മാനമാടാം.

എന്തിത്? ഊരിയെറിഞ്ഞ കുപ്പായങ്ങൾ
കാറ്റെടുത്തോടുകയായി
പിന്നാലെയോടുമ്പൊഴേയ്ക്കവ
ഏതോ മരക്കൊമ്പിലാടുകയായിതോ

നമ്മളെ കണ്ടു ചിരി മറന്നോരിതാ
നമ്മൾ വേറെയുടുപ്പുകൾ തുന്നിക്കയായി
നമ്മളെ ആമത്തിലിട്ടു തളയ്ക്കുകയായിതോ.
ഉമ്മത്തു തിന്നു ചിരിക്കുകയായി
ഉന്മത്തരായി കരയുകയായി നാം
ദൂരെ നമ്മെ വിളിക്കുന്നു കാടുകൾ
ചാരെ നമ്മെ ഇറുക്കുന്നു മേടകൾ
കാറ്റെടുത്തുപോയെന്റെ കവിതകൾ
വാറ്റിവെച്ചുനുരയുന്ന കോപ്പകൾ.

ഒഴിവുകാലം
ഒഴിഞ്ഞൊരീ മൂലയിൽ
അതിഥിയായി നീ വന്നുവെന്നോർത്തുനിൻ
വിരൽപിടിച്ചു നടന്നതാണിന്നലെ.
കവിതയാകുമോ ഉച്ചക്കിറുക്കുകൾ
വെറുതെയെങ്കിലും വായിച്ചുനോക്കുക

–1998

## മറവി എഴുതുന്നത്

ആസ്പത്രിയിൽ–
വേനലിന്റെ കത്തിയും
മഴയുടെ ഹൃദയവും തമ്മിലായിരുന്നു
അന്നത്തെ കൂടിക്കാഴ്ച

ക്ലാസുമുറിയിൽ–
വാക്കിനും കണ്ണിനും വഴിയില്ലാതാക്കിയത്
വാർഡിലെ കലങ്ങിയ ചുമരായിരുന്നു
അവിടെ ഒരു സ്വപ്നം
ചാരി നിന്നിരുന്നു.

ആരുമറിയാതെ മൗനമായ് നടക്കാം
കണ്ണീർ തുടയ്ക്കുവാൻ നീളുന്ന
നഖങ്ങളിൽനിന്നു വിട്ടുനടക്കാം.

പൂക്കളെല്ലാം ചുംബനങ്ങളാകുമ്പോൾ
കായ്കളെപ്പറ്റി ഞാൻ ചിന്തിക്കാറില്ല
വാക്കുകളെല്ലാം വഴികളാകുമ്പോൾ
വായ്ക്കുരവ ഞാൻ മറന്നുപോകുന്നു
കൂടിക്കാഴ്ചകളെല്ലാം
കൂടൽമാണിക്യമല്ല

അരുണനീലമായൊരോർമ്മയാണ്
അരണയുടെ മറവി
നിറവേറാത്ത ജന്മത്തിന്റെ
നിറുകയിലൊരു മുള്ള്
നിറുകയിലെ മുള്ള് ചവച്ച്
നിവർന്നു നടക്കുന്നു ഒരു പേന്
ആ പേനിന്
ആകാശം ഒരു കണ്ണ്
മറുകണ്ണിൻ മറിമായം കാണാൻ
മാറത്തെ കണ്ണുമതി.

– 1998

## വേട്ടമുറിവുകൾ

ഓർത്തെടുക്കുമ്പോൾ അടന്നുവെങ്കിലും
പേർത്തെടുക്കുമ്പോൾ കൊഴിയുന്നുവെങ്കിലും
കരൾ ചീഞ്ഞിരുന്നില്ല
കട പുഴകിയില്ല,
അത്രയ്ക്കു നമ്മളെത്തമ്മിലന്നാളിൽ
ഉണർത്തിയിണക്കി-
യുറപ്പിച്ചുനിർത്തിയ വേരിന്നു നന്ദി.
ഇരുളുപൊട്ടിച്ചു നിലാക്കളുണ്ടാക്കിയും
നിഴലുരുക്കി നിറങ്ങളുണ്ടാക്കിയും
എഴുതിവെച്ചോരെന്നേടുകൾ തുന്നി-
പ്പണിത കൂടാരമായിരുന്നന്നിതു
മറികടന്നതുമെങ്ങനെയൊട്ടക
പ്പരിഷകളെ ചൂടുമഴക്കാറ്റിനെ.
ഇനിയുള്ള കാലമോ,
തിരുമ്മിയുടച്ച മിഴിയുമായ്
നിനവുകൾ നിറഞ്ഞൊരെൻ പെട്ടകം
ഓരോന്നുറക്കെപ്പുലമ്പി-
യൊഴുകി നടക്കുമോ.
ഇനിവരാൻ പുതിയപൂക്കളുണ്ടാകുമോ-
അവകളോർത്തിരിക്കില്ല, യീ ഭൂമിയൊരു
പെരിയ വിസ്മൃതിക്കയമാണ്
അതിനു കര ഇല്ല.
ചെറുവേരുകൊണ്ടമ്മയുടെ പാദത്തി-
ലിക്കിളിയുണർത്തി
വിരിയുവാൻ സ്വപ്നങ്ങളുണ്ടായിരിക്കുമോ.
ഇനി വന്നുപോകുന്ന കാലങ്ങളിൽ
പരിചയം മാഞ്ഞു, പല
വഴികളിൽ മുറിയുന്ന
ചെറിയ ചെറിയോർമ്മകൾ നമ്മൾ.
മിഴികളിലന്നു ചില നിഴലാട്ടമോർത്തു നാം
കനലിരമ്പത്തിൽ മറയുകയായിടാം.

വരുമൊരായിരം വത്സരമിങ്ങനെ
പുണരുമോരോ അണുവിലും എന്തോ
ചുടുചുടുന്നനെ തേങ്ങുന്ന കേൾക്കാം
(ഒന്നും മനഃപൂർവ്വമല്ല
കഥ തുടങ്ങാൻ ചിലതു വേണമല്ലോ)
ചിലതടച്ചുപിടിക്കാൻ
മിഴിയടയ്ക്കാൻ മറക്കാൻ ശ്രമിക്കിലും
പല തിരക്കുകൾക്കുള്ളിലും
സമയം നോക്കാതെ വന്നുകേറുന്നു നിൻ
പുലർകാലസന്ധ്യകൾ
മുഴുവർണ്ണചിത്രരഹസ്യക്കുടുക്കകൾ
അവയുടെ ജാല്യങ്ങൾ.
കുരുങ്ങുന്ന പേർത്തെടുക്കുമ്പോൾ
ചെരുക്കുന്നു ഓർത്തെടുക്കുമ്പോൾ
ഇരുളിലുണ്ടുയരുന്നു നിലവിളികൾ, നമ്മുടെ
തനുവിലോ ചോരമണക്കുന്നു, മുറ്റത്ത്
വഴികളിൽ പള്ളിയിൽ
കോവിലിൽ ശിശുവിഹാറിൽ
നിറയെജ്ജഡങ്ങൾ - നാം നമ്മുടേതല്ലാത്ത
വ്യഥകൾ ചവിട്ടിക്കടന്നതുമെങ്ങനെ.
തങ്ങളിൽതന്നെയും പ്രിയമെഴാതെ
അന്യരെത്തട്ടിക്കടന്നുപോകുമ്പോൾ
തമ്മിലേ മിണ്ടുന്നതില്ലെങ്കിലും, തെ-
ല്ലന്യരോടൊന്നുരിയാടിയെന്നാൽ...
വല്ലോരപായം വരാമാർക്കുമെപ്പോഴും
അന്നുവിളിച്ചാൽ നമുക്കൊച്ചകിട്ടുമോ.
ദുരമൂത്തു നാം വലിയ കടകളിൽ കേറി
വലിയ പാത്രങ്ങൾ മേടിച്ചുകൂട്ടി
അവയിലൊന്നിലും വെച്ചില്ല, തട്ടു-
കടയിലെ വറവുകൾ മേടിച്ചുകൂട്ടി
വൈദ്യുതി നിലച്ച നിലംതൊടാത്തട്ടിൽ
വെറുതെ ദാഹിച്ചു കഴിഞ്ഞു.
ഉഴുതിറക്കുവാൻ വയൽകളി, ല്ലതിലോടി-

ത്തളരുവാനിനി ബാല്യങ്ങളില്ല
കതിരുചായും വരമ്പുകളി,ല്ലതിൽ
സദിരുതിർക്കാൻ പ്രണയങ്ങളില്ല.
പിതൃതരുക്കൾക്കു പ്രാണപ്പറവയ്ക്കു
ദുരിതസന്ധ്യയായ് ചുറ്റും ലതയ്ക്കായ്
തണുതണ്ണെത്തെളിനീറ്റുറവയ്ക്കായ്
ഹൃദയമർപ്പിച്ചുപോന്നവർ നമ്മൾ
വയലുമേടിച്ചുപണിതൊരു വീട്ടിലേ-
ക്കലമുറകളിരമ്പി,യൊരായിരം
കൈകൾ നമ്മെ പിടിച്ചുനിർത്തുന്നു.
ആഞ്ഞുവീശിയടിക്കുന്നു പുറത്ത്,
കാരിരുമ്പിൻ നുകം വലിക്കുന്നു നാം
കാലിറുക്കുന്നു ഞണ്ടുകൾ, പരൽ-
മീനുകൾ മുറിവായ് കടിക്കുന്നു.
പൊറുതി മാറ്റി, കടിഞ്ഞൂൽകരച്ചിലിൽ
ഒഴുകിനീങ്ങീ പലനിറപ്പാവകൾ
ചെറുതിനാണാശിച്ചു പിന്നെ നാം, പല
കടകളിൽ കേറി കോലാഹലങ്ങളായ്
തിരികെയിറങ്ങവേ കണ്ടൊരു മറുനാട്ടു-
കനികൊതിച്ചതു വാങ്ങിച്ചുപോന്നു.
തൊലി പൊളിച്ചതിൻ നേർത്തതാമല്ലികൾ
തിരുകി വായിൽ ചളിച്ചിരിക്കുമ്പോൾ
അരുതു തുപ്പിക്കളയുവാൻ, വിലകൊടു-
ത്തടി വാങ്ങിയെന്നു മറക്കുന്നു നമ്മൾ.
അതിലുണ്ടോ വിത്തുകൾ? തിരയുന്ന കുഞ്ഞിനെ
അരികത്തിരുത്തി പറഞ്ഞു നമ്മൾ:
പേരറിയില്ല നമുക്കീ പഴത്തിന്റെ,
വേരിലോ കമ്പിലോ കായ്ക്കുന്നതറിയില്ല
ഒരുവേള നമ്മൾക്കു കൈവന്ന
കനിയിലൊരു കുരുവെങ്കിലും
കനിയുവാൻ ദൈവം മറന്നതാകാം.

## രണ്ട്

വെറുതെയിക്കനവ്
വെറുതെയിക്കഥ
അതിനെക്കടിച്ചുകീറുന്നുമറ്റൊരു മഹാ-
കഥയുടെ ദംഷ്ട്രകൾ

അപ്പൊഴാണുനാമറിയുന്ന, തിന്നോളം
ഉരിയാടിനിന്നതിന്നർത്ഥമില്ലെന്ന്
കൊണ്ടുകെട്ടിപ്പിടിച്ചതുമില്ലെന്ന്
കണ്ടതൊക്കെയും കാണാത്തതെന്ന്.

അപ്പുറം വഴിയൊടുങ്ങുന്നലർച്ചയിൽ
ഉപ്പുകൈയിന്റെ മുറുക്കിപ്പിടിക്കലിൽ
പലനടിപ്പുകൾ തീർന്നുനാമിപ്പൊഴാ-
ണറിയുന്നതന്ധത
കളിക്കുന്ന കണ്ണുകൾ
എന്നേക്കുമായ് പൊട്ടിനീരൊലിക്കുന്നു.

ഒടുവി,ലോരോന്നറുത്തിട്ടു പോകുന്ന
കാലത്തെയോർക്കരുത്
തിരയിൽനിന്നും തിരയിലേക്കോടവേ
കരയിൽനിൽക്കുന്ന ഭീരുവെയോർക്കരുത്.
വെറുതെയെങ്കി, ലിന്നെന്തിനീ കണ്ണുനീർ-
കവിതയെന്നു നീ ചോദിക്കരുത്:
കവി വഴിപോക്കനാകുന്നു ചിലപ്പോൾ
കവിത വഴിയാകുന്നൂ ചിലപ്പോൾ
തന്നെ മറന്നുലക-
വാനങ്ങളെ മറ-
ന്നന്നന്നു കിട്ടുന്ന
വീഞ്ഞിൽ മദിച്ചു ചില
സിംഹങ്ങൾ കൂർക്കം-
വലിക്കുന്ന വഴിയിൽ
നാളെത്തെ ഇരയുടെ
ചൂരുപിടിക്കുന്ന

രാവിന്റെ മുമ്പി-
ലകപ്പെട്ട വഴിപോക്ക-
നൊരുവഴികിട്ടുമോ.
കിട്ടിയാൽ വീണ്ടൊരു
ജീവന്റെയുത്സവ-
വെളിപാടുകൊണ്ടേ
പുലരുമോ നാളുകൾ

കളമാണു കളവാണു
കവിതയെന്നൊരുവേളതോന്നാം
ബലിയാണു കവിതയെ-
ന്നൊരുവേള തോന്നാം
എന്തും പിടിക്കുന്ന
വലവിരിച്ചാടുന്ന,
തന്നെ മറച്ചരുളു-
മാഗോളവേലയിൽ
കവിത വഴിപാടായി
കനവ് വഴിയറ്റതായ്

രണ്ടുപേർ കാണുമ്പൊ-
ഴമ്മയെ മക്കളെ
കണ്ടെന്നിരിക്കിലും,
കരളിലറിയാതെയായ്
വന്നാൽ, കവിതയും
വഴിയറ്റൂ...
വഴിയൊരു പാടായി....
അതുമൊടുവിൽ മായുന്നു,
മറയുന്നു നാം തമ്മി-
ലെഴുതിപ്പിടിപ്പിച്ചൊ-
രുയിരിന്റെ യുടലിന്റെ-
യലകടൽക്കോളുകൾ കൊത്തുകൾ.

കണ്ണിനെ പൂവിനെ
ഉള്ളിൽ മുഴങ്ങും പ്രണയമിഴാവിനെ

അത്ഭുതാശങ്കയിൽ വീർത്തുരസിക്കുന്നൊ-
രുണ്ണിക്കിടാങ്ങളെ
ഉർവ്വിയുടെ ഗർത്തത്തി-
ലഭയം വിളിക്കുന്ന കൈകളെ
ഒക്കെയും കാർന്നി-
ട്ടൊളിച്ചു കടന്നുപോം
അർബ്ബുദ സംവത്സരങ്ങൾക്കു നന്ദി.
എല്ലിൻ ചുളുചുളെ കുത്തിക്കയറി
കണ്ണീരിനെച്ചിരിച്ചാർത്തു കുടിച്ചുപോം
തേറ്റയ്ക്കു നന്ദി.
(പഴയശീലത്തിലിന്നെന്റെ വാക്കുകൾ-
നിറകതിരേറ്റി നിൽക്കുന്നിരുട്ടുകൾ-)
പലകപൊട്ടിത്തകരുമീ വേദിയിൽ
മരണമത്രമേൽ ധന്യമാവില്ലെടോ. 1998

## അന്യോന്യം

ചിത്രാപൗർണമി ഇന്ന്
ആറ്റൂരിൻ വിളികേട്ടു
പാണികൊട്ടി
പുറപ്പെട്ടെത്തി നാം
പലേ കോട്ടകളിൽനിന്ന്
വിതയ്ക്കാപാടങ്ങളിൽനിന്ന്
ഇതിൽ ദൂരക്കാരും
അയൽക്കാരുമൊരുപോലെ
തമ്മിൽ കണ്ടിട്ടെത്ര കാലമായ്
ഇടയ്ക്കു മറന്നവർ
ഒരിക്കലൊന്നിക്കുമ്പോൾ
അളക്കാൻ ചോരിയാനും
എന്തൊരു തിമർപ്പയ്യ!
എങ്കിലും മിണ്ടാട്ടമില്ലാതെ
തമ്മിൽ നോക്കി ഇരിക്കുന്നു
കൈവഴിച്ചാലും
താഴ്ന്നുപോകുന്നു
തലനീട്ടുന്നു കള്ളിമുള്ളുകൾ
കാൽചോട്ടിലും
കടിച്ചുതൂങ്ങുന്നു
ഉഷ്ണപ്പല്ലുകൾ

മുങ്ങിനീരുക
മൂവട്ടമിച്ചെളിനീരിൽ
പിന്നെ, സ്വർണ്ണക്കീരി-
യാകുവാൻ നിലാക്കുളി.
ഓർമ്മയിലൊരു
പുഴക്കുളിരു കോരുന്നു -
പതുക്കനെ തുടങ്ങുന്നു
ചില വാക്കുകൾ.
ഏതോ തിടമ്പിൻ പിന്നാലെ
ചെവി വട്ടം പിടിക്കുന്നു.

രാവൊടുങ്ങുമ്പോൾ
കണ്ണിൽ പച്ചയും കരിയുമായ്
മുങ്ങിക്കിടക്കുന്നു നാം
ബധിരശ്രുതിക്കോളിൽ.
പിന്നെയും നമ്മൾ
പഴയവീടിനെക്കുറിച്ചോർത്തു
മിണ്ടാതെ ഇരിപ്പായി,
'മേഘരൂപന്റെ പൊട്ടിച്ചിരി
നമ്മളെയുണർത്തുന്നൂ;
'ഇങ്ങനെ ഇരിക്കുന്ന ഇരിപ്പിൽ
കിഴക്കൻവെള്ളം വന്നു നമ്മളെ-
യൊഴുക്കിപ്പോം
എങ്കി,ലെന്തൊരു ഭാഗ്യം!'
ആരുടെയലിവുകൾ
ഉറന്നുവരുമിപ്പോൾ-
'കൊന്നില്ലേ മുത്തച്ഛനെ
എഴുത്താണിത്തലപ്പിനാൽ.
പാതിവഴിയല്ലേ
അവൻ നമുക്കു ചൊല്ലിത്തന്നത്
അടഞ്ഞ വായനോക്കി
ഇടംകാൽ വെച്ചല്ലേ നാം
ഇറങ്ങിത്തിരിച്ചത്.
അന്നോ നാം നടന്നത്
നീരല തണുതണെ-
ത്തേമ്പുന്ന വരമ്പിൻമേൽ
ഇന്നോ നമുക്കിതും
ടാറിട്ട പാത.
ദാഹിക്കുന്നു, പാതിരാ-
വുറയൂരിയിഴയുന്നു
പൗർണ്ണമി
ചോരപ്പട്ടു നീർത്തുന്നൂ,
കിടക്കാം-
വാൾകൊണ്ടോർക്കിതു

വീരാളിപ്പട്ട്!

ഉപ്പുകൈകൾ
കൊട്ടിയാർക്കുന്നു ദൂരെ
പുലർച്ചയ്ക്കു
മപ്പുതീർക്കാൻ വിളിക്കുന്നു.
മണൽപൊന്തയിൽനിന്നും
ലോറിപ്പുക
മൂക്കിലിരച്ചുകേറുന്നു
ആരെയോ വെട്ടിമൂടി
കുടമിട്ടുട,ച്ചാരോ
കടന്നുപോകുന്നു.
തന്റെ തന്റെ
ജഡങ്ങളെ നോക്കി
തമ്മിലന്ധിച്ചിരിപ്പായി.
പേടി തോണ്ടിത്തുടങ്ങി
പൂർണ്ണിമയിൽ നിഴലുകളായി.
കാന്തമേതോ,
ചുഴിയിട്ടുലച്ചു
ഭ്രാന്തർ നമ്മളിൽ
ഒച്ചയടഞ്ഞു.

കുന്നുകേറി നാം,
കോൺക്രീറ്റുമെത്തകളിൽ
മടങ്ങിയെത്തുമ്പോൾ
എന്തിനേ നീറി
എൻമനം: വരും-
കൊല്ലമീ നിലാ-
വുണ്ടായിരിക്കുമോ.
പൂർവപുണ്യ-
ക്കയങ്ങളുണ്ടാവുമോ
പൂവാംകുറുന്നില-
യോരത്തു വാഴുമോ
വന്നു നമ്മെ

വിളിക്കുന്ന മാത്രയിൽ
ചെന്നുകൂടുവാൻ
ശേഷിച്ചിരിക്കുമോ. – 1997

## നടന്നാലെത്രത്തോളം

കറുത്തൊരെറുമ്പുകൾ
ചോരയിൽ കിടക്കുന്നു
വെളുക്കാൻ നിൽക്കാതെ ഞാൻ
വീടുവിട്ടിറങ്ങുന്നു.
ആഞ്ഞുകേറുന്നൂ രക്ത-
മുഷ്ടികളിടിക്കുന്നു
വാതിലോരോന്നും തള്ളി-
ത്തുറന്നുപോകുന്നു ഞാൻ.
കോലായിൽ നടക്കുന്ന
കാലുകൾ മുറ്റത്തേക്കു
നീങ്ങുന്നൂ പതുക്കനെ
പാതയിലിറങ്ങുന്നു.
ഗ്രാമത്തിൽ വെളിപ്പിനു
നടക്കുന്നേരം മോളോ-
രോരോന്നു ചോദിക്കുന്നു,
നുകമായ് പോകുന്നോരും
നടക്കുന്നോടുന്നന്തി-
യാവോളം ചുവടുക-
ളോരോരോ വേഗങ്ങളിൽ.
മിണ്ടാതെ നടക്കണം
നിൽക്കാതെ നടക്കണം
രണ്ടിനും കഴിയാതെൻ
കാലുകൾ മടങ്ങുമ്പോൾ
വെളുത്ത കുള്ളന്മാരെൻ
വാനത്തിൽ കളിക്കുന്നു
വാനത്തിൽ കളിക്കുന്നു
കറുത്ത പാട്ടെൻ ചുണ്ടി-
ന്നോരത്തു കടിക്കുന്നു.

**2**

പറിച്ചുനട്ടൂ പിന്നെ

ജോലിക്കു നഗരത്തിൽ
കണ്ട വാടകനൽകി-
പ്പാർക്കുന്ന വീട്ടിൽ രാവോ
പകലോ അറിയാതായ്.
ദൂരദർശിയാം മുതു-
മുത്തച്ഛനരുളിയ
വാരിയെല്ലുകൾ പുര-
മുകളിൽ മൂളുന്നുണ്ടേ.
അവന്റെ രൂപം ചിത്ര-
പ്പെട്ടിയിൽ തെളിയുന്നു
അവന്റെ ദംഷ്ട്ര കണ്ടാ-
ണുറങ്ങാൻ കിടക്കുന്നു.
ഇടയ്ക്കു രാപ്പാതിയിൽ
ഞാൻ ഞെട്ടിയുണരുന്നു.
കറുത്ത കങ്കാളങ്ങൾ
പിറകേ നടക്കുന്നൂ
കറുത്ത ചിലന്തിയെൻ
ശിരസ്സിൽ കടിക്കുന്നു
മേലേ ഞാൻ നടക്കുമ്പോൾ
താഴെനിന്നിടിക്കുന്നു
താഴെ ഞാൻ നടക്കുമ്പോൾ
മേലേ നിന്നിടിക്കുന്നു
ഉറക്കം കെടുത്തിയെൻ
ചോരയിൽ കൂത്താടുന്നു
കൊഴുത്ത കുള്ളന്മാർ - ഞാൻ
വീടുവിട്ടിറങ്ങുന്നു.
നടന്നുനടന്നെനി-
ക്കാശ തീർന്നീല, എന്റെ
പിറകിലാരോ നിന്നു
മടക്കിവിളിക്കുന്നു.

**3**

ഏറെ നാൾ നടന്നു ഞാൻ

തളർന്നു മയങ്ങുമ്പോൾ
ആരോ വന്നെന്നെത്തോളിൽ
കുലുക്കി വിളിക്കുന്നു.
നാടുകളേറെക്കണ്ടി-
ല്ലന്നന്നു നിൽക്കുന്നിട-
ത്തങ്ങനെ കുറ്റിക്കിട്ടു,
ദീർഘമായോരു യാത്രയ്-
ക്കാരിപ്പോൾ വിളിക്കുന്നു:
വസന്തം വിറച്ചെത്തും
ക്യൂബയിൽ കാശ്മീരിലോ
ഇറക്കിക്കിടത്താതെ
ഈച്ചകൾ കടിച്ചാർക്കും
കാബൂളിൽ, ജീവച്ഛവം
ചിരിക്കും പീറ്റേഴ്സ്ബർഗിൽ,
രാവിലെയുണരുമ്പോ-
ളോരോരോ തലയ്ക്കലും
ദാനമായാരോ വെച്ച
തോക്കെടുത്തുന്നംനോക്കി
രസിക്കും തെരുവിലോ
എവിടെ കാൽവെച്ചാലും
ചിതറിത്തെറിക്കണം
എപ്പോഴെന്നറിയില്ല.
മടിയിൽ കനമില്ല
വഴിയിൽ ഭയംമാത്രം.

പുലർച്ചയ്ക്കെന്നാലും ഞാൻ
നടക്കാനിറങ്ങുന്നു
കുറച്ചു നടന്നാലോ
കലക്കം തെളിയുന്നു.
എത്ര ഭ്രാന്തന്മാർ, സഹ-
ഭ്രാന്തികൾ, നിരത്തിലി-
ന്നോടുന്നു, തെരുക്കനെ
കൈവീശി നടക്കുന്നു.

ഹൃദയം താങ്ങി ഉരി-
യാടാതെ ചിലരിപ്പോൾ
ഹൃദയഭാരം പേശി-
ത്തുലയ്ക്കാൻ ചിലരിപ്പോൾ.
എം എൽ എ മുൻ എം എൽ എ
മന്ത്രിമാർ വി ഐ പി കൾ
വൻകിടക്കൂട്ടിന്നന്ത-
മില്ലാതെയോടുന്നവർ,
ഡി എ വർധന എയർ-
കണ്ടീഷൻ ഡെമോക്രസി
നിർബന്ധപ്പിരിവുകൾ
കൈക്കൂലിമുരൾച്ചകൾ,
കുത്തനെ കേറും ഷെയർ-
രാത്രികൾ, 'ഇഷ്ടം പോലെ
ലൈംഗികം തരപ്പെടും'
കംപ്യൂട്ടർ മായാവികൾ,
തിരിച്ചുവരും നക്സൽ-
ബാരികൾ, ഔദാര്യത്തിൻ
'പേറ്റന്റി'ൽ മുറിപ്പെട്ട
പച്ചിലമരുന്നുകൾ...
വിഷയമേതായാലും
വിഷമപ്പെടാതവ-
രോടുന്നൂ നടക്കുന്നൂ
പായുന്നൂ, മൃഗശാല-
വളപ്പിൽ വട്ടപ്പാത-
വളവിൽ മുഖംതിരി-
ച്ചെത്ര കുമ്പകൾ കുംഭീ-
ഗാത്രികൾ പ്രണയികൾ.
ആനയോടിയാലാൾക്കാ-
രോടിയാലെത്രത്തോളം
ആറ്റിലെ വെള്ളം മേൽപോ-
ട്ടോടിയാലെത്രത്തോളം.

നടക്കുന്നെങ്കിൽ ഗാന്ധി
നടക്കുംപോലെ വേണം
ഉടുക്കുന്നെങ്കിൽ ഗാന്ധി-
യെപ്പോലെയുടുക്കണം
കഴിക്കുന്നെങ്കിൽ ഗാന്ധി-
യെപ്പോലെ കഴിക്കണം.
മരിക്കുന്നെങ്കിൽ ഗാന്ധി-
യെപ്പോലെ മരിക്കണം.
അതിനിപ്പറഞ്ഞിട്ടു
കാര്യമില്ലെടോ നോക്കു-
കുത്തിയായിന്ത്യാ ഗേറ്റി-
ലുണ്ടവൻ, വെടിവെച്ചു
കളിക്കാൻ 'ടാർഗ'റ്റവൻ
നമുക്കു കൈകൂപ്പുന്നു.

**4**

ഇന്നലെയുറങ്ങുമ്പോ-
ളാരെന്റെ വീട്ടിൽ വന്നൂ
കൺതുറന്നപ്പോളല്ലോ
മുന്നിലായ് കണിക്കൊന്ന,
ഉണ്ണിക്കാലിനു നല്ല
ഷൂസുകൾ, കടലാസു-
വഞ്ചിയിൽ മിഠായികൾ.
"കാക്കുക, പരിചയ-
മുള്ളൊരാൾ വര"മെന്നാ-
ണാശംസാക്കുറിപ്പുകൾ.
എനിക്കു വേണ്ട, പുഴ
നിറയെ മധുരങ്ങൾ
എനിക്കു വേണ്ടി കണി-
പ്പൂക്കളും പിതാമഹൻ.
ഉണ്ണികളുണ്ടായിരു-
ന്നെന്റെയിക്കൂടാരത്തിൽ,
കണ്ണനെപ്പോലെക്കണ്ടു

വേട്ടക്കാർ കവർന്നല്ലോ.

മ്യൂസിയം വളപ്പിലെ
കൂട്ടത്തിലൊരുവനെ
സൂക്ഷിച്ചു നോക്കിക്കൊണ്ടാ-
ണിന്നു ഞാൻ നടന്നത്.
അവനെൻ നാട്ടിൻപുറ-
ത്തയലത്തുള്ളോനല്ലേ
അരികെ വിളിച്ചിട്ടു-
മെന്തവൻ മിണ്ടാത്തത്.
അവനായിരിക്കില്ല
എനിക്കു തെറ്റിപ്പോയോ
എനിക്കു കൂട്ടിന്നവ-
നായിട്ടു വന്നെങ്കിലോ.
അവനോടെനിക്കുള്ളിൽ
സ്നേഹദാഹനങ്ങൾ വിങ്ങി-
ക്കലിച്ചൂ; അവനെന്താ-
ണെന്നോടു മിണ്ടാത്തത്.
കിളികളസ്വസ്ഥരാ-
ണെന്നിലെ മൃഗങ്ങളും
പുഴകളിരമ്പുന്നൂ
കണ്ണിലെ കയങ്ങളും,
മതിലുപുഴങ്ങുന്നു-
ണ്ടെന്നിലെ മരങ്ങളും
– എന്താരും മിണ്ടാത്തത്?
ദൂരങ്ങളെൻ കാലുകൾ
പിടിച്ചുവലിക്കുന്നു
ദൂരെയെൻ വീടിൻപച്ച-
ക്കണ്ണുകൾ വിളിക്കുന്നു. – 1997

## തള്ളയ്ക്കില്ല മരണം

കേറ്റങ്ങൾ
താഴ്ചകൾ
വളവുകൾ–
തിരിവിലെ മൂലയിൽ
ഒരു വീട്ടുമുറ്റം.
അഴികളിൽ
വിറയ്ക്കുന്ന കൈകളിൽ
ചായുന്ന നിൻമുഖം.
ബസ്സിലിരുന്നു പലപ്പൊഴും
തല വെട്ടിച്ചുമാറ്റി,
എപ്പൊഴെങ്കിലും തരംകിട്ടിയാൽ
വന്നുകാണാം
കുശലമാവാം നിനച്ചേൻ.

താഴ്ചയെന്നൊരുനാളറിഞ്ഞു
വീഴ്ചയായതുമെപ്പൊഴോ.

മറഞ്ഞു നീ–
യെൻമറവിക്കുള്ളിലൂടൊരു
മിന്നൽപോലെ
നിറഞ്ഞു നീ മിഴികളിൽ
എന്റെയപരാധത്തിളപ്പായ്.
കാലിൽതൂങ്ങും പാറകൾ
കുടഞ്ഞെറിഞ്ഞു പറന്നു നീ.

ഇപ്പൊഴുമൊരു തള്ള
പടിവാതിൽക്കൽ വന്നുനിൽപാണ് –
എത്ര തിണർത്ത ചുവടുകൾ
ഒന്നും തിരിച്ചുവരാത്തവ.
തള്ളയ്ക്കില്ല മരണം
ചെറുപ്പങ്ങളുതിർന്നു വീഴ്വത്
കണ്ണിൽക്കണ്ടു കരഞ്ഞിരിക്കാൻ
കല്ലിക്കാൻ നിയോഗം.

ഇന്നും പാതിരയ്ക്കിടവഴിയിൽ
ചെങ്കുത്തായ കുന്നിൽ
നിൻചെത്തം കേട്ടുണർന്നുനോക്കുമ്പോൾ
കൊക്കികൊക്കിക്കുരച്ച്
കൊച്ചിക്കൊച്ചിപ്പോകുന്നു നീ.
നിനക്കു കാൽവെള്ളയിൽ മുളയാണ്
ചെരിപ്പുപോലും നോവുന്നൂ
എത്ര കാതങ്ങളെത്ര വീടുകൾ
കേറിയിറങ്ങണം.
അന്നത്തെയക്കുഗ്രാമത്തി-
ന്നയിത്തക്കുണ്ടിൽ നിന്നു ഞാൻ
വിളിച്ചൂ 'സഖാവേ'
ആ വിളിക്കെന്തു ചൂടായിരുന്നു!

ഇന്നും അമ്മ പടിവാതിൽക്കൽ
വന്നു നിൽപാണ്:
ഇന്നാരാണു വരുന്നത-
പ്പഴയ ചങ്ങാതിമാ-
രാരെങ്കിലും,
കട്ടിക്കൂരിരുളിൽ
ചോര വടുക്കെട്ടിയ
മുഖങ്ങളേതെങ്കിലും.

കുത്തിക്കലങ്ങി-
യൊലിച്ചുപോയ്
ഭാരതപ്പുഴ,
പൂഴിയായ്.
ഇറ്റുവെള്ളമിപ്പൊഴും
ഇച്ചെരിവിലുണ്ട്
അതിൽ പോത്തു മുക്രിയിടുന്നു,
മുഷിയാത്ത മക്കൾക്കെന്തിന്നു
മുങ്ങിക്കുളി?

നീയിക്കരയ്ക്കൊരു നുള്ളു

ചാരമാ.യക്കഥയവ-
ളറിയാതിരിക്കണേ,
നിൻ നെഞ്ചിൽകൊണ്ടൊരു
ചങ്ങലക്കെട്ടിപ്പൊഴും
വെണ്ണീറിൽ വെള്ളിയായി-
ട്ടെന്നെ നോക്കിച്ചിരിക്കുന്നു.

പോറ്റീ പണ്ടവൾ
അഞ്ചും നൂറുമൊന്നായ്
ഒരേകൂരയിൽ
കാത്തൂ, മുറിവുകളി-
ലൂതിയൂതിത്തെളിച്ചൂ.
പിന്നെയാവെട്ടമവർ
തല്ലിക്കെടുത്തി
തമ്മിൽ പിരിഞ്ഞൂ.
ഇന്നും അമ്മ
പടിവാതിൽക്കൽ വന്നുനിൽപാണ്
എന്നാണ് തൻമക്ക-
ളൊന്നിച്ചു വരുന്നത്?

ചോദിച്ചൂ ഞാൻ
അന്നൊരിക്കൽ
ഏതോ തട്ടുമ്പുറ-
ത്തർധരാത്രിയിൽ
യോഗം കൂടിയിരിക്കെബെ
'എന്തിനായ്
നാം തമ്മിൽ പിരിയണം?'
നീയും
കണ്ഠമിറുക്കി-
യിടറിച്ചൊല്ലി:
'നമുക്കാവതോ?'

ആയില്ല
നമുക്കു പിരിയാനെങ്കിലും

അതിഖിന്നരായ്
ഓരോ പുസ്തകസഞ്ചി തൂക്കി-
യതിന്നോങ്കാര-
പ്പൊരുളിൽ തുടിച്ചേ
ഓരോ മൂഢസ്വർഗ്ഗ-
പ്പടിവാതിലും തേടിത്തുലഞ്ഞു.
ആരാരെന്നറിയാതെ വെന്ത
കുടിലിൻ മുറ്റത്തിരുന്നേ
ഊൺകൈ വാസനിച്ചോരോ
വെടിവട്ടം പിടിക്കുന്നു നാം,
ആരാരെന്നറിയാതെ പിന്നെ-
ത്തല്ലിപ്പിരിഞ്ഞീടണം.

ഇന്നുമൊരു തള്ള
പടിവാതിൽക്കൽ വന്നുറ്റുനോക്കുന്നൂ
ആരോ പോന്നുവരുന്നു,
മക്കളോ-
അവരോർക്കാതിരിക്കുമോ?

– 1997

## അതിഥിക്ക്

### ഒറ്റക്കണ്ണ്

വരിക ഒറ്റക്കണ്ണായടച്ചുതുറക്കുമീ മുറിയിൽ
ഇരിക്കുക തെല്ലുനേരം
ഇന്നോളമിതുവഴി മിണ്ടാതെ പോയതും
സ്വന്തം നിഴലു പിടിച്ചുവലിച്ചതുമെന്തിനോ.

എത്രയടി എകരത്തിലുണ്ടാക്കിവെച്ചൂ
നമ്മുടെയഹന്തകൾ
പിന്നെയവ തല്ലിക്കലഹിച്ചൂ, നാമെപ്പൊഴും
അന്യരായന്യരാജ്യങ്ങളിൽ.
നിന്നൊടൊത്തിരുന്നത്
എന്നെപ്പോലുമറിയാതെ
എന്നൊടൊത്തിരുന്നത്
നിന്നെയുമറിയാതെ.
കണ്ണിലേക്കൊരു കടലിരച്ചുകേറാതെ
കണ്ണിൽനിന്നൊരു കടലിരച്ചിറങ്ങാതെ.

തെങ്ങിൻപൂക്കുലപോലിരുട്ടിലീ മൗനം
പൊട്ടിച്ചിതറുമോ
മൺബിംബത്തിനും കൈകൾ മുളയ്ക്കുമോ
അന്യദേശങ്ങളിൽനിന്നും കുതിച്ചെത്തി
നമ്മളെ നമ്മൾ വാരിപ്പുണരുമോ.

ഇല്ലായിരിക്കാം, മോഹം
മുപ്പതു നാളും കുത്തിക്കടഞ്ഞു
മൂർച്ഛരിക്കാം.
എങ്കിലും
തിരകൾക്കുമീതേ തുറന്നടയു-
മൊരൊറ്റക്കണ്ണിൽ
നമ്മളും നിഴൽവീശി, തെല്ലിട,
പതുക്കനെയതും താണുപോകുന്നൂ.

## വെടിഞ്ഞവൃക്ഷത്തിൽ

പൊടുന്നനെയൊരു ഇല മുളയ്ക്കുന്നു
വെടിഞ്ഞ വൃക്ഷത്തിൽ
– തരിച്ചുനിന്നുപോയ്.
ഇറങ്ങിപ്പോകുവാനൊരുങ്ങി നില്ക്കുമ്പോൾ
പിടിച്ചുനിർത്തുന്നു
മഷികുടിച്ചൊരെൻ മിഴിയിലിന്നൊരു
ഇല മുളയ്ക്കുന്നു
കഴിഞ്ഞ പൂക്കാലം വലിച്ചെറിഞ്ഞൊരു
വിറകുകൊള്ളിയിൽ
ഒരു കിനാവില.
ഉതിരം കങ്ങിയ കവിത മീട്ടുന്നൂ
പുതുഞ്ഞരമ്പുകൾ.
ഉദിച്ചതാരെന്റെ ഇരുൾത്തടങ്ങളിൽ
നിറപ്പതാരെന്നിൽ
കരൾക്കുടങ്ങളാൽ.
എനിക്കുവേണ്ട ഈ വരദാനം
എനിക്കുവേണ്ട ഈ പുണർച്ച
–കൈവിട്ടാൽ നിലയില്ലാത്തിടം.

തുടിപ്പറ്റു താഴെ കിടക്കുന്നൂ, കോരി–
ക്കൊടുത്ത മൺകുടം
തൊടിയിൽ പൂഴ്ന്നൊരു വളപ്പൊട്ടിലുണ്ട്
പറയാൻ വയ്യാതെ
അമർന്നൊരു കുരൽ.
“വെടിച്ച മണ്ണിന്റെ പിളർപ്പിലിപ്പൊഴും
കരളുന്നൂ കൂർത്തു
കറുത്ത പല്ലുകൾ–
ഇനിയും പൊന്തുമോ ചെനച്ചങ്ങൾ,
ഹൃദയരൂപത്തിൽ
മിടിച്ചുവെങ്കിലോ!
നട തുറക്കയായ് തളക്കിലുക്കമേ കാതിൽ
കരളിലയിലെൻ

കനവുറങ്ങുന്നൂ"
– ഇതു മായക്കാഴ്ച പതിവുചിത്രങ്ങൾ,
വിദൂരമാമേതോ
ഗിരിശിഖരത്തിൻ
നിഴലുകൾ വീണു
മിഴിത്തടങ്ങളിൽ.
ഇനിയും മറ്റൊരു ഘടികാരം നോക്കി
        ഇനിയും വേറൊരു
        നിലവറക്കുണ്ടിൽ
        ഇരിക്കണോ
        ഇറങ്ങിപ്പോകണോ
പുകഞ്ഞരമ്പിലിന്നുദിച്ച ജീവനു
        വിടപറയണോ.
        കറുത്ത ഗായത്രി
        ഉരുവിടും ചുണ്ടി–
        ന്നൊരിക്കലീ ലോകം
        രസിച്ചിടുന്നെടോ.
'ഒരിക്കൽകൂടി'യെന്നൊരു പ്രിയസ്വരം
        –തിരികെച്ചെല്ലുകിൽ
        തനിയാവർത്തനം.                    – 1997

## നേരം

ഇന്നലെ - വെയിലായ് തണുവായ് കാറ്റായ്
ഇരുളായിലയായൊരുദിവസംകൂടി - മറഞ്ഞു
എന്നിനി,യെന്നതിനില്ലൊരു പൊരുളും
വന്നവഴിക്കേ നിന്നവഴിക്കേ പഴകിയ
ഗന്ധങ്ങളുമായ് നന്ദിപറഞ്ഞുനടക്കാം.

നിറയുന്ന മദങ്ങൾ ചോർത്തിനടക്കാം
പൊലിയുന്ന വിളക്കുകളേന്തി നടക്കാം
നിറയാത്ത നിലാവുകൾ നോക്കിനടക്കാം
നിവരാത്ത നിലപ്പന നോക്കിനടക്കാം

പലമഴകൾ പലവെയിലുകൾ വരുമിനിയും
പലകാറ്റുകൾ പല ഭൂകമ്പങ്ങൾ വരുമിനിയും
അവയൊക്കെ നമുക്കു തരുന്നതു
കനവാകാം കഥകളുമാകാം
കനവെങ്കിലതിന്റെയഗാധത
കയറിച്ചെന്നുപിടിക്കാൻ നോക്കാം
കഥയെങ്കിലതിന്റെ ഗുഹയ്ക്കകെ-
മൊരു സിംഹം കാത്തു കിടക്കാം
അതിനേയും ചെന്നുപിടിക്കാം.

വിജയിക്കാനല്ല വില്ലുകുലയ്ക്കാനല്ല
വെറുതെ ചില നേരമ്പോക്കുകൾ.
നേരങ്ങൾ നേരുകളാകാൻ
നേരം വേണം - അതില്ലെന്നല്ലോ
താളുമറിച്ചോർക്കുന്നൂ ഞാൻ.
വന്നില്ല കണ്ടില്ല, കീ-
ഴടക്കിയെങ്കിലു-
മെന്നൊരു വിഡ്ഢീ-
ച്ചിരിയിൽ ഞാൻ മുങ്ങിമരിക്കു-
ന്നേരത്തെൻ കണ്ണുതുറക്കും. - 1998

## ഒരു ജനനത്തിന്റെ ഓർമ്മ

(ആ പെൺകുഞ്ഞിന്റെ മൂക്ക് ഈമ്പി കഫം തുപ്പിക്കളയുന്തോറും മിടിപ്പ് ഉണ്ടായിക്കൊണ്ടിരുന്നു. പിന്നെ ശ്രമങ്ങൾ വിഫലമായി. കൗമാരകാലത്ത് വീട്ടിലുണ്ടായ ഒരനുഭവം)

എന്തായിരുന്നു ആ ജീവൻ
ഇന്നുമെനിക്കറിയില്ല

എൻചുണ്ടിലിന്നുമാ പോയ്മറഞ്ഞ
നെഞ്ചിൻ മിടിപ്പറിയുന്നൂ
കരയാതെ കൈകാലിളക്കാതെ, യതെൻ
മിഴികൾക്കകത്തു നിറയുന്നു.

പൂത്താലിയറ്റു പുടവകീറി
പൂത്തിരുവാതിരനോൽമ്പറ്റ്
നേരം മറച്ച് നിലം കുഴിച്ച്
കൂരിരുൾ വന്നു വിഴുങ്ങിയോരെ
നോക്കാതിരിക്കണം - ഇപ്പോൾ
ഓർക്കുവാനുള്ളൊരു നേരമല്ല.

ആരേ കിടക്കുന്നു പുൽതൊട്ടിലിൽ,
വീടൊന്നുകൂടി കുനിയുന്നൂ
കൈകൂപ്പി പ്രാർത്ഥിച്ചുനിൽക്കുന്നു.
എള്ളിൻപൂമൂക്ക് വലിച്ചീമ്പി, വീർപ്പിൻ
കള്ളറയൊന്നു തുറന്നെങ്കിൽ
പായൽപിടിച്ച വഴികളിൽ തെന്നിയി-
പ്രാണൻ പിടയ്ക്കാതിരുന്നെങ്കിൽ.
ഓരോ വട്ടവും ആർത്തിയോടെ
കാക്കുന്നു, കണ്ണു തുറന്നെങ്കിൽ!
അതിനായ് മരക്കൊമ്പിലുമ്മറത്ത്, ചില
നിഴലുകൾ കൂടിക്കരഞ്ഞു
അതിനായ് മുറിഞ്ഞു മുറിഞ്ഞുവീണു
പഴമണ്ണിൽ ഞാഞ്ഞൂൾ പരമ്പരകൾ
അതിനായി തെച്ചികൾ കൂട്ടമായി

പല കാവിൽനിന്നുമിറങ്ങിവന്നൂ
ഒടുവിലണ്ണാർക്കണ്ണൻ മൂന്നുവര-
ക്കുറി തൊടീച്ചല്ലോ കടന്നുപോയി.

ഉൾക്കാട്ടിൽ വീണു കടിഞ്ഞൂലമ്മ
ഒന്നു ഞെരങ്ങി ഒന്നു കിതച്ചൂ
ഒടുക്കത്തെച്ചോരഞരമ്പും മണ്ണിൻ
പൊക്കിലിലേക്കേ വാർന്നുവീണൂ.

കുന്നിൻപുറങ്ങളിലൂടെ
മൺപടിക്കെട്ടുകളിലൂടെ
അടക്കിപ്പിടിച്ച നിലാവുമായി
കരിപുരണ്ടൊരു കുടമുരുളുന്നു
അടിവാരത്തെന്നുള്ളിൽ വീഴുന്നു.
ഓരോവട്ടം വലിച്ചെടുത്തു
ഞാനാഞ്ഞുതുപ്പിക്കളഞ്ഞതാരെ-
ഓരോവട്ടവും തിരികെ വന്നിട്ടെൻ
ജീവൻ കടിച്ചുപറിച്ചതാരോ-?
ഒടുവിൽ പറഞ്ഞൂ പേറ്റിച്ചി
'വിടുക ഇതു നമുക്കുള്ളതല്ല'.
കണ്ണില്ലാച്ചിറകുകൾ നിലവിളിച്ചു
'വേണ്ട - എനിക്കാവില്ല കൊണ്ടുപോകാൻ'.
കൈയറ്റ കാറ്റു നിലവിളിച്ചു
'വേണ്ട - ഈ ഭൂവിൻകിനാക്കളിൽനിന്ന്
ഒരു തുമ്പിയേയും ഞാൻ കൊണ്ടുപോകില്ല.'

അറുത്തിട്ടൊരുടലിന്റെ തൊട്ടിൽ-
മറുകറ്റൊ 'രിള്ള' ക്കിനാവ്-
ആരേ തന്നത്
ആരെടുത്തൂ?
ഓർമ്മയിലെന്തുണ്ട് ബാക്കി:
വായ്കീറിയിട്ടൊരു മഞ്ഞുപാവ-
ഒരു കിളിവാതിൽ - അതിൽ ചേർത്തുവച്ചൊരു
നിറകണ്ണാണിന്നെനിക്കോർമ്മ.

ഓരോ മഴക്കാലമൂവന്തിക്കതു
കൊഞ്ചിക്കൊഞ്ചി വരുന്നൂ
കൈതെറ്റിവീണോ, രതിന്റെ നീല-
ച്ചുഴികളിലേക്കേ വന്നുകേറുന്നു.

ഓരോ വേനൽ വരുമ്പോഴു,മൊരു
കുട്ടിയുടുപ്പു ഞാൻ തുന്നുന്നു
ഏതോ പാതിരയ്ക്കോരോ ആധിയിൽ
ഏതോ മലതൻ പിളർപ്പിലൂടെ
ഓരോ വിചാരങ്ങൾ പെയ്ത് പെയ്ത്
ഈറൻ കരിംപുള്ളി കുത്തി
അരോ എനിക്കതു
തിരികെ നീട്ടുന്നു.

ഇവിടെ നിന്നെന്തോ ഞാൻ പറയുന്നു
മാറ്റൊലിയില്ലാത്തശബ്ദത്തിൽ
ഉപ്പുവെടിഞ്ഞ മിഴിനീരിൽ
-ആരോടെന്നൊന്നുമറിയില്ല.
എങ്കിലും ദൈവമേ
എന്തായിരുന്നു
ആ ജീവൻ
- ഇന്നുമെനിക്കറിയില്ല. – 1997

# അവർ പറഞ്ഞത്

## ചിത്രശലഭം

ഉളിപ്പക്ഷികൾ കൊത്തിവച്ച തുളകളിൽ
കാറ്റുപിടിച്ചൂതുന്ന, ഈ മരത്തിൽ
ഇത്രനാളും ഒരു നക്ഷത്രക്കൂട് തൂക്കിയിട്ടിരുന്നു.
അതിലൊരു ചിത്രശലഭം ധ്യാനിച്ചിരുന്നു.
മുകളിലേക്ക് നോക്കിനോക്കിയിരുന്ന്
എന്റെ കണ്ണുകളടഞ്ഞു
ഏതോ നനുത്ത കേസരങ്ങൾ
എന്റെ ഹൃദയത്തിൽ ഉലാവിക്കൊണ്ടിരുന്നു
ഏതോ ഒരു വാക്ക്
ആ കൂട്ടിൽ മിടിച്ചുകൊണ്ടിരുന്നു.

കണ്ണുതുറന്നത് പിന്നെ ഏതോ ഋതുവിലാണ്
നാമരൂപങ്ങൾ തിരിച്ചറിയാത്ത ഒരു കാലത്താണ്.
തേൻതുള്ളികൾ ഇറ്റുവീഴുന്ന മരച്ചോട്ടിൽ
ഏറെ കാൽപാടുകൾ
ദൂരങ്ങളിലേക്ക് പൊയ്ക്കൊണ്ടിരുന്നു
അവയിൽ ചിലത് കുരിശുപാദങ്ങൾ
ചിലത് രക്തം പുരണ്ട ആനച്ചുവടുകൾ.
ചിത്രശലഭത്തിന്റെ ധ്യാനലിപികൾ
ഒരിലച്ചുരുളായി എന്റെ നിറുകയിൽ വീണിരുന്നു,
അത് നിവർത്തി ഞാൻ വായിച്ചു;
'ഇത് നീ നിവർത്തിനോക്കിയിരുന്നില്ലെങ്കിൽ
എനിക്കൊരു ജന്മംകൂടി
നിന്റെയടുത്ത് കഴിയാമായിരുന്നു.'

## മഞ്ഞക്കിളി

കൊതിച്ചാൽ കാണില്ല
കൊതിക്കാത്തപ്പോൾ പറന്നെത്തും
മഞ്ഞക്കിളി
ഇന്ന് വന്ന ദിവസമാണ്

ഇന്ന് പോവുന്ന ദിവസമാണ്
ആർക്കെല്ലാം മഞ്ഞത്തൂവൽ കൊടുത്തു
ആർക്കെല്ലാം മധുരം കൊടുത്തു -
ചോദിച്ചാൽ കിട്ടില്ല.
ചിലപ്പോൾ
പ്രാർത്ഥിച്ചുപോകുന്ന ഇടയനുള്ളത്
ചിലപ്പോൾ
പരാജിതനായ പരിത്യാഗിക്കുള്ളത്.
ചോദിച്ചാൽ പറയില്ല
പറഞ്ഞാലറിയില്ല;
'എവിടെനിന്ന് എവിടേക്ക്
അവിടെനിന്ന് അവിടേക്ക്
ഇവിടെനിന്ന് ഇവിടേക്കുതന്നെ എന്റെ കഥ.
കിരീടം ചൂടിയ
ഒരു ഹൃദയത്തിനുവേണ്ടി
ഞാനിങ്ങനെ അലയുകയാണ്.
അന്ന് അവനുമാത്രമേ
കിരീടമുണ്ടായിരുന്നുള്ളൂ. ഇന്ന്-
എല്ലാവർക്കും കിരീടങ്ങൾ
എന്റെ മധുരത്തിനുവേണ്ടി
എന്റെ തൂവലിനുവേണ്ടി.
ഇവരിൽ എനിക്കുടയവൻ
ആര്, ദൈവമേ?'

**തായ്മരം**

പണ്ട് രാജാവ് ഒളിച്ചിരുന്ന വയറ് -
ഇലമുടിച്ചാർത്തുകൊണ്ട്
ഒരായിരം കൈകൾകൊണ്ട്
പൊതിഞ്ഞുനിന്ന അമ്മ.

ഞെട്ട് ചുരന്ന ഇലകൾ നുണച്ചിറക്കി
ആട്ടിൻകുട്ടികൾ മടിയിൽ തുള്ളിച്ചാടി
ആ കിളുന്തുകണ്ണുകൾക്കുമീതെ

മാടമ്പിമാരുടെ അമ്പുകൾ പാഞ്ഞുനടന്നു
പിന്നെ, കിട്ടാത്ത ശത്രുവിനു പകരം
അവരുടെ ചോര അവിടെ തളംകെട്ടി
ഇത്തിൾക്കണ്ണികൾ
അമ്മയുടെ ആത്മാവിൽ
ഇതളൊട്ടി ഞാന്നുകിടന്നു.
അച്ഛനമ്മമാർ പിടഞ്ഞമർന്ന മണ്ണിൽ
തട്ടിത്തകർത്ത കളിവീടുകളിൽ
ദുഃസ്വപ്നത്തിലുണർന്ന
കുട്ടികൾ കേട്ടത്:
'ആമരമീമരം ഞാനല്ല മക്കളേ
താമരക്കോലോത്തകത്തമ്മ
ഞാനല്ല മക്കളേ
രാജാവിനെ പെറ്റതീ
ഞാനല്ല മക്കളേ
രാജ്യക്കാരെന്നെ
അറിയില്ല മക്കളേ'

പിന്നെയൊരിക്കൽ
ആ വഴിക്കൊരണ്ണാർക്കണ്ണൻ വന്നു
മൂവരയന്റെ കൈയിലൊരു
വിത്തുമുണ്ടായിരുന്നു
-കാറ്റിൽ മഴയത്ത്
മണ്ണുകയറിയ
തായമരത്തിന്റെ പൊത്തിൽ
ഈമ്പിയെറിഞ്ഞൊരാ
വിത്തു വീണു
തള്ളവയറ്റിൽ മുളച്ചുപടർന്നതോ
പൊന്നുപോലുള്ളൊരു പെണ്ണാള്.

ഇന്നീ തണുത്ത മടിയിലിരുന്ന്
അക്കഥയോർക്കുന്നു നമ്മൾ:
'ആമരമീമരം നീയാണു തായേ
താമരക്കോലോത്തകത്തമ്മ നീയേ...'

## കുട്ടികളിൽനിന്ന് ഒഴിച്ചുവെയ്ക്കുന്നത്

കുട്ടികളിൽനിന്ന് ഒന്നും ഒളിച്ചുവയ്ക്കാനാവില്ല
നമ്മൾ കുട്ടികളായിരുന്നപ്പോൾ
ഒളിച്ചേ ഒളിച്ചേ
പിടിച്ചേ പിടിച്ചേ എന്നായിരുന്നില്ലേ
മുതിർന്നപ്പോൾ പിടികൊടുക്കാതിരിക്കാൻ
എത്ര പാടുപെടുന്നു.

കുട്ടികളൊന്നു വളർന്നിട്ടുവേണം
നല്ലൊരു വീടുവെയ്ക്കാൻ
ഇല്ലെങ്കിൽ ചുമരൊക്കെ കുത്തിക്കോറും
വണ്ടിയുരുട്ടി നിലം പൊളിക്കും
മലം മൂത്രം എത്ര അസുന്ദരം.
പിന്നെ ആ വീട്ടിലും
കുട്ടികളുണ്ടാവില്ലെന്നാണോ.

അതാ വിരുന്നുകാർ വരുന്നു
കുട്ടികളെക്കൂട്ടി വരല്ലേ എന്നാണ്
പടി കടക്കുമ്പോഴേക്കും പ്രാർത്ഥന.
എല്ലാ ചിത്രങ്ങളും
അലങ്കാരങ്ങളും
എടുത്തൊളിപ്പിച്ചുവയ്ക്കാൻ ധൃതിയായി
ശാപത്തിന്റെ തീക്കാറ്റിൽ
വീടു വട്ടംതിരിയുകയായി
നമ്മൾ ഒളിപ്പിച്ചുവെയ്ക്കുന്നതാണ്
അവർ തെരയുന്നത്.
കുട്ടികളിൽനിന്ന്
ഒളിപ്പിച്ചുവെയ്ക്കാൻ കഴിയുന്നത്
നമ്മുടെ കുട്ടിക്കാലം മാത്രം:
മൂക്കീരൊലിപ്പിച്ച്
വാശിപിടിച്ച്
തല്ലുകൊണ്ട് തിണർത്ത്
മറച്ചുവെയ്ക്കാൻ മുഖമില്ലാതെ

വാതിലിന്റെ മൂലയ്ക്കൽ
പേടിച്ചുവിറച്ചിരിക്കുന്നു, അത്.

## ശിവരാത്രികൾ

അമ്മയാണെൻ
ഞാറ്റുവേലകൾ
കുന്നുംപുറത്തെ മരുന്നില നുള്ളി
ഉണ്ണിക്കു നൽകാൻ
കുതിക്കുന്നൊരാധികൾ

ഇന്നലെ സൂര്യന്റെ ചക്രത്തിരച്ചിലിൽ
കണ്ണു മറ,ഞ്ഞവളെന്തേ പറഞ്ഞത്:
ഒട്ടും മറന്നില്ല നീയെങ്കിലെങ്ങനെ -
പൊട്ടിയൊലിക്കുന്ന പാഴ്നെഞ്ചമോർത്താണു
നീയെങ്കിലെങ്ങനെ -
ഒന്നും കുടഞ്ഞു കളയാതെ നിൻ നിഴൽപന്പരം
ചുറ്റിത്തിരുയുകയായി കാക്കയായ് വഴിവക്കിൽ
അന്ധിച്ചു നീട്ടിത്തളരുന്ന കൈകളായ്
കാണുന്നു നീയെങ്കിലെങ്ങനെ -
അന്നന്നു കുമ്പിളിൽനിന്നൂർന്നുപോവത്
പോവതിനെക്കാളൊഴിച്ചുകൊടുപ്പത്
കൊള്ളുന്ന പൊള്ളുന്ന ദാഹച്ചുടലകൾ
പിന്നെയും നാവുകൾ നീട്ടുമ്പൊഴെങ്ങനെ -

**2**

കാലുവെയ്ക്കുന്നിടം കാവായി
മാബലിയമ്മയ്ക്കു പൂക്കളമായ
കലപിലച്ചപ്പില-
ക്കോലങ്ങൾ കുഞ്ഞുങ്ങ-
ളോടൊത്തു വടികുത്തിയാതിരരാത്രിയിൽ
താൻ കഞ്ഞിവെച്ചു വളർത്തിയ വീടിന്റെ
പൂമുഖത്തെത്തിനിൽക്കുമ്പോൾ
ആരേ തിരിച്ചറിയുന്നു, തൻ ഛായയി-
ലേതൊക്കെയുണ്ണികൾ
ഏതമ്മമാരുടെ ഒക്കത്തിരുന്നു, തൻ
മാറിലേക്കായി കുതിച്ചുചാടുന്നു.

ഓണത്തലേന്നാളിലൊറ്റയ്ക്ക പൂതേടി-
പ്പോകിലെൻ കൂടെ വരുന്നൂ ഭഗവതി.
കാവിൽ തറയിൽ ചിലമ്പിൻ കലമ്പൽ
കാഞ്ഞിരത്തോപ്പിൽ വിതുമ്പുന്ന ചെന്തളിർ,
കണ്ണീരൊലിപ്പിച്ചു ശാന്തം പദംവെച്ചു
ഉണ്ണിഗ്ഗണപതിയെത്തേടുമംബിക.
മേഘപ്പുഴുക്കളെയാട്ടി, ഞരമ്പുകളി-
ലൂറിത്തുടിക്കുന്ന കണ്ണിമാങ്കുലകളെ
താഴേക്കു നോക്കിത്തളരാതിരിക്കുവാൻ
താനേ മറന്നുയിർ തോറ്റിനിൽക്കുന്നവൾ.
കണ്ണീർച്ചുനപിടിച്ചായിരമാർത്തിങ്കൾ,-
ക്കണ്ണാരക്കണ്ണനു നൈവേദ്യമംബിക.
ഞെട്ടിയുണർന്നു ചിരങ്ങൻചിടുങ്ങനായ്
കെന്തിക്കരഞ്ഞു മറഞ്ഞതെൻ രാത്രികൾ.
എന്നും ശിവരാത്രിയായിരുന്നമ്മയ്ക്കു
വാഴകുലയ്ക്കാത്ത വേലികെട്ടാത്തൊരാ
വാഴ്‌വിന്റെ മൂലയിൽ വീഴുന്ന നാൾവരെ.

സർവം ശിവോഹം-
സിരകളിൽകൂടിയൊരു
പൊൻകനൽചക്രമുരുണ്ടുകേറുന്നൂ
കാലടിച്ചോട്ടിലൊരു
നീലക്കൂളിരല പാഞ്ഞുകേറുന്നൂ.
വറ്റിയ കുളത്തിൽ അവൾ ചെന്നു നിന്നൂ
പൊട്ടീ ഉറവുകൾ, മുങ്ങിക്കുളിച്ചൂ
ഗോവിനെ ക്ടാവിനെ ഭജിച്ചൂ.
നന്ദിയമറുന്നൂ മെഴുകിയൊരോർമ്മയിൽ
അഗ്നിചവയ്ക്കുന്നു ചാണകപ്പൊറ്റകൾ
-ഉള്ളിൽ തെളിഞ്ഞുവരുന്നൂ
ഒരുനുള്ളു ഭസ്മം.

എന്നും കടയും കരിങ്കടലിൻ തിര-
ത്തള്ളലിൽനിന്നു വരുന്നതു പാലല്ല.
തള്ളിവരും വിഷജ്വാല തടുക്കുവാൻ

തള്ളയ്ക്കു മക്കളിന്നാരുമില്ലെങ്കിലും
പൊട്ടിപ്പിളരുന്നുണ്ടെങ്ങോ കരിംപാറ,
നൃത്യം ചവിട്ടി വരുന്നുണ്ടു ധൂർജ്ജടി.

'മക്കളേ എന്നെക്കുറിച്ചോർത്തു നീയിത്ര
പച്ചയ്ക്കൊരോന്നേ പറയാതിരിക്കുക
ഏറെപ്പറയാതിരിക്കണം. ഏറെ വരയ്ക്കുന്ന
കോലത്തിലോട്ടപ്പെടുമെന്നതോർക്കണം'

ഏറെപ്പറയാതെ കാലം പണിഞ്ഞവൾ
ഊറിച്ചിരിച്ചൂ ചിലപ്പോൾ, കടുംകൈക-
ളോടേറ്റുമുട്ടിമുറിഞ്ഞു.

ഏറെപ്പറകിലും വേണ്ടതു ചൊല്ലുവാ-
നാകാതെ നാക്കിൽ മുഴയ്ക്കുന്ന പുറ്റുകൾ
ഛേദിക്കുവാനറിയാതെയരങ്ങിൽ ഞാൻ
ഓടിക്കിതയ്ക്കുന്നു, വീഴുന്നു യവനിക. – 1998

## കനലാഴി

(കക്കാടിന്)

തെളിയുന്നൂ വാൽകണ്ണാടിയിൽ:
തുരുത്തമല
ഒരു പട്ടിണിച്ചൂള.
ചുവട്ടിൽ ഗോട്ടികളി–
ച്ചോടിനടക്കുമൊരു പൈതൽ.
തിടപ്പള്ളിയിൽ
ചിതൽപടിയിൽ
മലർന്നുകിടന്നവൻ
കേട്ട ചിന്തുകൾ മേഘച്ഛായങ്ങളാക്കി
കേട്ട സൽകഥകളെ വാനൊലിത്തിരയാക്കി.

ധ്യാനിക്കുന്നു കക്കാടിനെ
തുരുത്തമല ഏകാന്തസാക്ഷിഃ
കുളക്കുളിരിനെ പച്ചപ്പിനെ
മീനിൻ കനവിനെ പുലർതാരയെ
ചുകന്ന ഹൃദയത്തിൽ സൂക്ഷിപ്പവൻ
കണ്ണു ചൂഴ്ന്നെടുത്തൊരു ചെറുപ്പത്തിൻ
കനലാഴി കടക്കുവോൻ

തെളിയുന്നൂ വാൽകണ്ണാടിയിൽ:
ഒരുമുഖം
ഒരു നക്ഷത്രക്കൈപ്പട
രക്ഷസ്സുകളൊഴിക്കുമേലസ്സുകൾ
ഇപ്പൊഴും കേൾക്കാം
കോട്ടവാതിലുകൾ തള്ളിത്തുറപ്പത്
പാനപാത്രങ്ങൾ തകർപ്പത്
മയക്കുപാട്ടിന്നോട–
ക്കുഴലുകൾ ഞെരിപ്പത്.

തെളിയുന്നൂ ഗുഹാമുഖം:
പറക്കുന്നൂ കൊടി
പതയ്ക്കുന്നൂ വഴുവഴുപ്പൻ കയ്പുകൾ

കലങ്ങിവറ്റുന്നൂ
തെളിനീറ്റുറവകൾ.
കത്തുന്നൂ വെട്ടമില്ലാതെ വിളക്കുകൾ
വിടരുന്നൂ ഗന്ധമില്ലാതെ പൂവുകൾ
പിറക്കുന്നൂ അമ്മയില്ലാതുണ്ണികൾ.
അടിതളിയില്ലാതെ
അടുപ്പുകത്താതെ
ഉറങ്ങാതെയുണരാതെ-
യൊടുങ്ങുന്നു ലോകം.
മലമുടിയി,ലൂഞ്ഞാലിൽ
കസേരയിൽ തൊട്ടിലിൽ
മണിയറയിലിഴയുന്നു ചത്തഗന്ധങ്ങൾ.
കുളംമൂടി കമ്പനിപ്പുകക്കുഴലുപൊന്തി
കളം മായ്ചു റബ്ബറിൻനാഗങ്ങളാടി
വള്ളിയെ മുരുകനെ കുടിയിറക്കി
പൊക്കിളിന്നോർമ്മകൾ വെട്ടിമാറ്റി
ചിന്നംവിളികൾക്കു മീതേ
പൊന്തുന്നതാരുടെ മാംസബംഗ്ലാവുകൾ.

മുഴങ്ങുന്നൂ പാതാളമെങ്കിലും
കൃമികൾ പിടയ്ക്കുന്നുവെങ്കിലും
ഒരു സ്വപ്നമാർക്കുമുണ്ടാകാം
അതു കടലായിരമ്പുന്നതുണ്ട്.

ഒരു പ്രളയനിമിയും വരാമെന്ന കനവുകൾ
ഒരുവനിവിടെക്കുറിക്കുന്നു
അവൻ മഹാമാന്ത്രികൻ
ഒരു കുന്നിൽ പാദമൂന്നി
മറുകുന്നിലിരിക്കുന്നൂ
ശരങ്ങൾ കൂർപ്പിച്ചെടുക്കുന്നൂ
കതിരറ്റ നാളങ്ങളിൽ ചുണ്ടുചേർത്തു-
വലിച്ചെടുക്കുന്നൂ കരിനീലപാപം.
അവനൊരു കുമ്പിൾ തളിച്ചതേയുള്ളൂ
ഇളകീ കടന്നലുകൾ

കുത്തേറ്റുവീണു
തേനൊലിച്ചുണ്ടുകൾ.
ഹൃദയക്കലപ്പകൾ
നിരനിരെപ്പൂട്ടി
ഗിരിതടപ്പവിഴത്തുരുത്തുകളിളക്കി-
ക്കൊണ്ടുപോരുന്നവൻ
നമ്മുടെ വയൽകളിൽ

രസം പൊടിഞ്ഞുപാണ്ടായ
കണ്ണാടിച്ചീളവന്റെ നേർക്കൊന്നു
പിടിച്ചു നോക്കുന്നു ഞാൻ,
ഇരുളിന്റെയറയിലൊരു സൂര്യനെ-
പ്പണിയുകയാണവൻ:
ചെളിപ്പോത്തിന്റെ ചിന്താനാട്യത്തിന്
കഴുവേറിപ്പാച്ചന്റെ കൈവിഷക്കുറിന്
പുലയാടിക്കാഞ്ഞിരപ്പൊള്ളാച്ചിരിക്ക്. - 1998

# കുഞ്ഞൻ

കുഞ്ഞനെക്കുറിച്ചല്പമെഴുതുവാൻ
ഞാനെന്നേ കരുതുന്നു
അവനിൽനിന്നിറങ്ങിയെത്തുന്നൂ
പഠിക്കാത്ത വാക്കുകൾ
തുറക്കാത്തത്
തുറന്നുതരുന്നതവന്റെ കൈയുകൾ.
കാളവേലയ്ക്കെന്നെ
തോളത്തിരുത്തുന്നവൻ
തോളത്തിരുത്തുന്നവൻ
നാട്ടുവെളിച്ചത്തിൽ
ചോടുവെച്ചുകളിക്കുന്നു.

ചെളിപ്പാടവരമ്പിലുണ്ടവന്റെ
കൈയക്ഷരം
ചരിത്രം തോളത്തു കൈയിട്ടെന്നോട്
എന്തൊക്കെപ്പറഞ്ഞില്ല.

പിന്നെ
മുഖത്താഞ്ഞുചവിട്ടലിൽ
യുദ്ധത്തിൽ
ടാറിൽ മോട്ടോറിൽ
വെന്തുപോയി
അവന്റെ മുക്കുറ്റികൾ
ചിറ്റേനി വയലുകൾ.
അവന്റെ ശാപം പൊള്ളി-
ക്കിടക്കുന്നൂ മണൽപുഴ.

കാക്കുന്നുണ്ടിടവഴികളിൽ
നിലപ്പനകളവന്റെ
കാളയെച്ചൂടിക്കുവാൻ,
കൈകൊട്ടിവിളിക്കുന്നു-
ണ്ടവന്റെ പറപ്പൂതനെ.

-പോയ്‌വരുന്നൂ
പേരമക്കൾ
കാറിൽ വിമാനത്തിൽ കപ്പലിൽ

കാറ്റേ വാ കടലേ വാ
പാട്ടുകൾ മറന്നുപോയ്
ചേറേ വാ മീനേ വാ
കോൾപാടം മറന്നുപോയ്

തള്ളിക്കയറുന്നൂ;
പൂവേപൊലിയോർമ്മകൾ വെട്ടിവീശിയ
മാളികയ്ക്കുള്ളി,ലൊരു മണൽ-
ക്കാടിൻ വിയർപ്പുകൾ.

കുഞ്ഞനിന്നോർമ്മയുണ്ടാവില്ല,
അരികിലൂടെന്നെ മറച്ചു
പുതുവസ്ത്രമോടിയിൽ
ഇംഗ്ലീഷുപേശിക്കടന്നുപോകുന്നു ഞാൻ.
തോളത്തു തോളത്തു കൈവെച്ചു പാടത്തു
മീൻപിടിക്കാൻ പോയ നാളുകൾ
ചേറ്റിൻ മണങ്ങളും
ചൂണ്ടലിൻ ഞാഞ്ഞൂൾവഴുപ്പുകൾ
ആറ്റിൻകരെനിന്നു
നീളുന്ന കൂവലുകൾ
ഓർത്തോർത്തിരിക്കെ
പറയും പഴങ്കഥ-
കുഞ്ഞനിന്നോർമ്മയുണ്ടാവില്ല,
നല്ലതേ, കുഞ്ഞനു കുഞ്ഞന്റെ യോഗം.
വാഴ്ത്താമവനെയെ-
ന്നുള്ളിലെന്നല്ലാതെ
ഇപ്പൊഴും തോളത്തു
തോളത്തു കൈവെച്ചു
ഇപ്പെരുംപാതയിൽ ഞാൻ പോവതെങ്ങനെ.
ഓർമ്മയെക്കൊല്ലുവതെങ്ങനെ

വാഴ്വിന്റെ കോണിപ്പടിക്കൽ
വിറയ്ക്കുന്ന വിങ്ങുന്ന
ജരപിടിച്ചളിയുന്ന കൈയുമായ്
കുഴിയുന്ന മിഴിയാത്ത
മിഴിയുമായ് നിൽക്കുന്നൊ-
രോർമ്മയെക്കൊല്ലുവതെങ്ങനെ.

പുത്തൻകലങ്ങൾ തീ-
ക്കായുന്ന നട്ടുച്ചവെയ്‌ലിൽ
വെട്ടിയാൽ മുറിയാത്ത
മുട്ടികൾ കൊത്തിപ്പൊളിക്കുന്നു കുഞ്ഞൻ.
അന്നെന്നിലച്ചാർത്തിലെ കിളിക്കുഞ്ഞിന്റെ
കണ്ണിലെറുമ്പു കടക്കാതിരിക്കുവാൻ
ഓരോ എറുമ്പിനും മന്ത്രമോതി
ഓരോവഴിക്കവൻ കൊണ്ടുപോയി.

'ഓരോ മരത്തിനും
ഓരോ തരം കിളി
ഓരോ കിളിക്കും
ദിശയൊത്തു കുലമൊത്തു
ഭയമൊത്തു രസമൊത്തു
പലമട്ടു പാട്ടുകൾ.
ഓരോ കിളിയും
കൊതിക്കും മരത്തില-
ല്ലോടിയണഞ്ഞ തൻകൂടുകെട്ടുന്നതും
        മിന്നുകെട്ടുന്നതും
        പൊന്നുകൊടുപ്പതും
        ഉണ്ണിമുടുങ്ങ-
        യുണർത്തിവിരിയിച്ചു
        തന്നുണ്ണി പൊന്നുണ്ണിയെന്നൊരു
        താരാട്ടു പാടുന്നതും...'
എന്നുപറഞ്ഞെന്നരയിലെ ഏലസ്സു
തൊട്ടുവന്ദിച്ചു
ചിരിച്ചുമ്മവെച്ചവൻ-

കുഞ്ഞ,നെഴുത്തച്ഛനായിരുന്നെങ്കിലും
ഇന്നവനറിയാത്ത വാക്കു കൂക്കുന്നു ഞാൻ.

എന്നെ ഞാനാക്കിയതെന്റെ വിചാരങ്ങൾ
ഇല്ലതിൽ തെല്ലുമാ കുഞ്ഞന്റെ ചോരയെ-
ന്നെല്ലാവരോടും പറഞ്ഞു നടന്നെന്നെ-
ശുദ്ധീകരിച്ചു നാലാളുകൂടുന്നിട-
ത്തെന്നെക്കയറ്റിയെഴുന്നള്ളിച്ചുപോകവേ
ഓർമ്മയെക്കൊല്ലുവതെങ്ങനെ?
പട്ടിണിക്കിണ്ണക്കഥയിൽ
തലകുനിക്കില്ല ഞാൻ.

പത്രത്തിൽ ടി.വി.യിൽ മാധ്യമ-
പ്പൊത്തിലോരോന്നിലും
വന്നുനിറയുന്ന
ഓഹരിമാർക്കറ്റിൽകൂറ്റനായ്
കുത്തിമറിയുന്ന
എന്നെയവൻ കണ്ടുകാണില്ല
കണ്ണനു പണ്ടേ തിമിരം,
അതേ ഇന്നു ഭാഗ്യം.

എന്തൊരുബോറായിരിക്കുമച്ചങ്ങാത്തം
പണ്ടത്തെ ചങ്ങാതിതന്നെ,
യെന്നാലതു മിറ്റത്തു നിൽക്കേണ്ടവൻ
കോലായിൽവന്നുകേറിയിരിക്കയോ.
ഇന്നു മിറ്റത്തുതന്നെയവൻ നിൽക്കണം
വല്ലകാശുമെറിഞ്ഞുകൊടുക്കാം
ഇല്ല കുനിഞ്ഞെടുക്കില്ലവൻ പിച്ചകൾ
നല്ലകാലത്തവൻ ധീരൻ ദയാലു. – 1998

## നിളപോലെ

കൈതന്നതു പിരിയുവാനല്ല.
കാലങ്ങൾ പലനിറങ്ങളിൽ
തെരച്ചുടുക്കണം
ചവിട്ടിത്തീർക്കണം
ആകാശം ചുണ്ടിലിറ്റിച്ചുകൊ-
ണ്ടേതോ വെളിമ്പുറങ്ങളിൽ
മയങ്ങണ-
മുന്നരണം
വഴിച്ചാലുകൾ കീറണം.
എന്തിനെന്നല്ലേ
അതിപ്പോളോർക്കേണ്ട
കൈയും കെട്ടി
കന്നത്ത നിഴലാകേണ്ട.
ട്രഷറിക്കോലായയിൽ
കുത്തിത്തുളയ്ക്കാൻ വരും
പെൻഷനിരുട്ടുകളോടു[1]
ഗർവിക്കേണ്ട
സാന്ത്വനപ്പെടുത്തിയൊഴിയുക.
നിനക്കുണ്ടല്ലോ
പുതുപാറകൾ പൊട്ടിക്കുവാൻ.

അക്കരെയ്ക്കെത്താൻ വിചാരിച്ചുവന്നവർ
കൂർക്കം വലിക്കുന്ന കടവുകൾക്കപ്പുറം
തൂവലും തൊലിയും പെരുകും വരമ്പുകൾക്കപ്പുറം
നിന്റെ കോഴിയെ കൂവിയുണർത്തുക.
പുസ്തകക്കാടിന്നു വെളിയിൽ
പൊട്ടൻതെയ്യം വെളിച്ചപ്പെടുമ്പോൾ
മേടുകളാറുകൾ
മുഖഛായ വറ്റിയൊരാളുകൾ
ദേശങ്ങൾ, കൂടെവരുന്നൂ.
ഞെട്ടിയുണരുന്നഹല്യ,
നീ തൊട്ടുപോകുമ്പോൾ.

നിഴലുണ്ട് പിന്നിലൊരു
കിളിയുണ്ട് മുന്നിലൊരു
കുരുതിത്തറയു-
ണ്ടതോർത്തു നീ പോവുക.
പോക്കിനർത്ഥം വരവുമത്രെ
വരുന്നതു 'നോട്ട'ല്ല
കയ്ക്കും മുഖസ്തുതികളാകാം.
നിന്റെ പോക്കറ്റിൽ കിലുങ്ങു-
ന്നശോകൻ പഴശ്ശി
സാമൂതിരി ചന്ദ്രഗുപ്തൻ.

നേടിയതെന്ത്
ഒരു കെട്ടോലയോ
പെയ്യാത്തിരുവാതിര-
ഞാറ്റുവേലയോ.
അറിയുനനു തമ്മിൽ നാം
ഗുരുവിൻ ചിദംബരപ്പടിയിലോ[2]
പാളങ്ങൾ കൂടിപ്പിണങ്ങി-
ത്തിളങ്ങിച്ചിരിക്കും വഴിയിലോ.
പിന്നെയൊരന്തിയിൽ
വരളുന്ന നിളയുടെ
കവിത മൂളുമ്പൊഴോ[3].

അറിയുന്നു നമ്മളീ നിളപോലെ.
അതു വീർത്തുപൊട്ടിക്കരയും
ചിലപ്പോൾ ചിരിക്കും
അഴിമുഖത്തലറിപ്പതിക്കും.
പിന്നെ നാം ബാക്കിയി-
ച്ചെളിനീറ്റിലങ്ങിങ്ങു
മുങ്ങുവാനാഴവും തേടിനടക്കും.
ഒടുവിലൊരുതുള്ളി
മിഴിനീരുമില്ലാതെ
ഗ്രീഷ്മങ്ങൾ താണ്ടുമ്പൊ-
ളുച്ചിയിൽ സൂര്യൻ കടിച്ചുപൊളിക്കും.

കരയിൽ കമിഴ്ന്നൊരു
തോണിയിൽ ചാരി
വരമേതു മേഘലമെന്നുറ്റുനോക്കും
അറിയുന്നു നമ്മ,ളീ നിളപോലെയോർമ്മകൾ – 1998

---

1. പട്ടാമ്പി സംസ്കൃതകോളേജിലെ ചരിത്രഗവേഷകൻ ഡോ. എൻ.എം. നമ്പൂതിരിക്ക് യാത്രയയപ്പ്
2. പ്രശസ്ത പണ്ഡിതൻ ഡോ. കെ. എൻ. എഴുത്തച്ഛൻ
3. നിളാ കാവ്യോത്സവം

## അറിവാൾ

കൈവിട്ടു ഞാൻ പിന്നെ
നിന്നെ നിന്നോർമ്മയെ

ചത്തുകിടക്കുന്നൂ
കമ്പനിദയാവായ്പിൻ
ചിത്രക്കലണ്ടർ ഡയറികൾ.
കാലമെല്ലാമൊരുപോലെ
-ചൂണ്ടുവിരലില്ല
ചൂട്ടുകളുമില്ല.

കൈവിട്ടു പിന്നെ ഞാൻ
നിൻമൊഴി നിൻവഴി
വേറെ പലതും വന്നുകേറുമ്പോൾ
വേറെ ചിലതു മറഞ്ഞുപോകുന്നു
അങ്ങനെയിരിക്കുമ്പൊ-
ഴോർത്തെങ്കിലായി
വിദൂരത്തുനിന്നൊരു ചെമ്പകം
'ഞാൻ മരിച്ചി'ല്ലെന്നു
കാറ്റിൽ കരഞ്ഞുപറഞ്ഞെങ്കിലായി.

പാവം നിന-
ക്കുണ്ടായിരുന്നതൊരു തൂലിക
ചോർത്തിയെടുക്കുവാൻ
നിൻനെഞ്ചിലെച്ചോര,
വേർതിരിച്ചറിയുമതേതു ബലിക്കളം
വേർതിരിച്ചറിയുവാനേതു വാനങ്ങൾ
പല പെട്ടിയൊച്ചയിൽ
ഞെട്ടീ കടുംതുടി
ഇളകിയാടുന്നപസ്മാരൻ.

കുന്നിറങ്ങും കാളവേലയിൽ
തേക്കുപാട്ടിൽ
കുന്നായ്മകൾക്കെതിർ-

പടയണിനിലങ്ങളിൽ
ഉണ്ടായിരുന്നു നീ.
തെങ്ങിൻകുരലിൽ നിലാവിൽ
കണ്ണീർനുരയ്ക്കുന്ന
കളിമൺകുടങ്ങളിൽ
ഉണ്ടായിരുന്നു നീ.
അരിവാൾ അറിവാളെന്നു നീ പറയും
അടയാളമായതു മരിച്ചു
പുത്തരിയുണ്ണാറില്ലിപ്പൊഴാരും
പുത്തരിയങ്കച്ചോര
നാലുകാതൽചരക്കുകൾ വഴിഞ്ഞൂ.
കുറുകുന്നൂ
നിന്റെയാത്മാവൊരുപ്രാവുപോൽ,
അതെന്നിലേക്കുറ്റു നോക്കുന്നൂ.
എല്ലാമിടിഞ്ഞുവീഴുമ്പൊഴും
കേൾക്കുന്നൂ നിന്റെയടയാളവാക്യം.

എല്ലാം നശിച്ചിട്ടില്ല-
ഇനിയുമുണ്ടൊരുപോളവെട്ടമെന്നോ!
അകലെയതു ചിതയായിരിക്കാം
ഇരുളിനെക്കീറും കടിഞ്ഞൂൽ-
നിലവിളിയായിരിക്കാം
ഏതുമാകട്ടെ
തോന്നിത്തളിർക്കും കനൽചവിട്ടി-
യാടണം ഞാനെന്റെ തെയ്യം - 1998

## ചരിതം

### മൂർത്തി

പോരിക നേതൃദാമിൽ[1]
തിരികൊളുത്താനല്ല
മണിമുഴക്കാനല്ല
താൻതാനടിച്ചാഴ്ത്തിയമർത്തിയ
ഹൃദയമിവിടെ തരിച്ചിരിക്കുന്നു
സഭയിൽ നീർന്നുനടക്കുന്നവരുടെ
വചനമിവിടെ വെറുങ്ങലിക്കുന്നു.

ഒരു ശവപ്പെട്ടി കാക്കുന്നു
പ്രണയമന്യമായ്ത്തീരുന്ന നമ്മൾ
വരികയീ നോതൃദാമിൽ:
അവഗണിക്കാൻ മറക്കാതിരുന്നവൾ
ഒരു തടിയായ് കിടക്കുമിപ്പെട്ടിയിൽ
പിരിയുവാനറിയാത്ത ശൈശവ-
മധുവിധുവിൻ പിടച്ചി,ലൊരു ക്ഷണം
പ്രണയ മൃത്യുഞ്ജയം
സാക്ഷി താരകൾ-
അവനെയെന്നും ക്ഷണിച്ചവരാണവർ
അവനൊരിക്കലുമായില്ല സ്വർഗ്ഗസ്ഥ-
വിരഹകാന്തിത്തഴ,പ്പൊന്നു കാണുവാൻ.

പോരിക നോതൃദാമിൽ
നീലഹിമരൂപനായ്
പദ്മാസനത്തിലിരിക്കുമവനോടു
പ്രേമം ഭജിക്കുക

## അസൂയക്കനാൽ

കാറ്റത്തടിച്ചുകയറുന്ന മണൽ
പുസ്തകത്തെ പൂഴ്ത്തിവെച്ചു
കൈപ്പട കണ്ണട
ഏതോ കുഞ്ഞിന് കരുതിവെച്ച
കളിപ്പാട്ടങ്ങൾ
മണലെടുത്തു.
ചുംബനങ്ങൾ ചൂതുകൾ
മണലെടുത്തു.

ജന്മദേശത്തിന്റെ പാടങ്ങളിൽനിന്ന്
കൊറ്റിയുടെ വിചാരങ്ങൾ പറന്നുപോകുന്നു
ഇരുമ്പുപഴുപ്പിച്ച താക്കീതിൽ
പരിത്യക്തനായി
ഒരുവൻ നാടുവിട്ടുപോകുന്നു.
ഒരുവളുടെ ഓർമ്മകീറി
അവൻ കടലുകളെ ബന്ധിപ്പിക്കുന്നു[2]
സാർത്ഥവാഹകസംഘങ്ങളേ
നിങ്ങൾക്കിനി വഴികളില്ല.
ഇത് അസൂയക്കനാൽ
ഇവിടെ ആരാണ് കപ്പലുകളടുപ്പിക്കുക
ഇതിന് ചീർപ്പ് അവന്റെ കൈവിരലുകൾ
ഇതിന് പശ അവന്റെ രക്തവും മജ്ജയും

ചരിത്രത്തിലെ മൗഢ്യങ്ങളെയും
കാലടിപ്പാടുകളെയും
അവന്റെ ചുണ്ടുകൾ മായ്ച്ചിരിക്കുന്നു.

ചക്രവർത്തിയും
അയാൾ കീഴടക്കിയ തന്റെ കാമുകിയും
പാർത്ത സൗധം
കരയിൽ ഇന്നും ഇളകിയാടുന്നു-
അനുരാഗിയുടെ വിശപ്പ്
ഇന്നും അവിടെ പല്ലിളിക്കുന്നു.

മരണത്തിന്റെ ജലസ്മാരകത്തിൽ
പീരമ്പികളുടെ മുഴക്കം മാത്രം -
ചരിത്രം എത്ര പാഴ്ചെലവാണ്! - 1997

---

1. 'നേത്യദാമിലെ കൂനൻ'
2. ഫ്രാൻസുകാരനായ ഒരു എൻജിനീയറുടെ കഥ: തന്റെ കാമുകിയെ ചക്രവർത്തി കൈയടക്കി. വധിക്കപ്പെടാതിരിക്കാൻ ഒളിച്ചോടണമെന്ന കാമുകിയുടെ അഭ്യർത്ഥനയ്ക്ക് അയാൾ വഴങ്ങി. തുർക്കിയിലെത്തിയ ആ എൻജിനീയറുടെ സ്വപ്നസാക്ഷാത്കാരമത്രെ 'സൂയസ്കനാൽ'. അത് ഉദ്ഘാടനം ചെയ്യാൻ ചക്രവർത്തിയും അവളും ക്ഷണിക്കപ്പെട്ട് വന്നിരുന്നു.

## കത്ത്

'സുഖം' എന്നു പറയാൻ ആർക്കും തോന്നാത്തതിനാൽ
'അല്ലേ?' എന്നു ചോദിക്കരുതല്ലോ.

ജന്മം തന്നവരുടെ മോഹം
ഉണ്ടുറങ്ങി ഉടുത്തിറങ്ങി
ഏതോ തിരക്കിൽ മാഞ്ഞുപോകരുതല്ലോ.

ഗുഹയിൽ നിന്നും കാലാവധി കഴിഞ്ഞ്
വേദാരണ്യങ്ങളിലൂടെ കടന്നുപോരുമ്പോൾ
അകത്താര് പുറത്താര്
എന്നു ചോദിക്കരുതല്ലോ

വഴിക്ക് ഇടയനെ കണ്ടുമുട്ടിയാൽ
നിന്റെ ആട്ടിൻകുഞ്ഞുങ്ങളെവിടെയെന്ന്
ഇരുട്ടിന്റെ കൊമ്പിലെ പച്ചില എവിടെയെന്ന്
ഇടത്താവളത്തിൽ മുറിവേറ്റുകിടന്നവനെവിടെയെന്ന്
ചോദിക്കരുതല്ലോ
വേരുകളിൽനിന്ന് ചോരപൊടിക്കുന്നുണ്ടോ
എന്ന് സംശയിക്കരുതല്ലോ

വേറെയൊന്നും വിചാരിക്കാതെ
വേറിട്ട വഴി തേടുമ്പോൾ
പന്ത്രണ്ടു നാഴികയ്ക്കപ്പുറത്തൊരു മണിയുണ്ടെന്നും
അതു മുഴക്കുവാൻ
ആരോടും മിണ്ടാതെ പോകണമെന്നും
നിയോഗമുള്ളപ്പോൾ
മണ്ണുമൂടിയ ഉടലുമായി
കൈവെള്ള കീറിയെടുത്തൊരു നക്ഷത്രവുമായി
ഒരുവൻ ഇപ്പോൾ തൊട്ടടുത്തായി കടന്നുപോകുന്നു

അവന്റെ പേര്
ആരുടേയും മോഹമായിരുന്നില്ല
അവന്റെ വേരുകൾതന്നെ

## അവന് ഇരയായിരിക്കുന്നു

അന്യാധീനന്റെ കൈരേഖകളിൽ
വായിക്കപ്പെടാത്തതായി ഇനി എന്തുണ്ട്:
പിറക്കാത്ത ഒരു പൂക്കാലത്തിലേക്ക്
ഒഴുകിത്തീർന്ന ചാലുകളിൽ
മണൽകൂനകൾ മാത്രം -
ഇതിലാകട്ടെ ഇന്ന് നമ്മുടെ പൂത്താങ്കീരി! - 1997

# കല്ലുകളും നദിയും

തീപിടിച്ചൊരു പാട്ട്
ഓരോ രാത്രിയിലും പടർന്നുകൊണ്ടിരുന്നു
ഏഴിമലയുടെ നിറുകയിൽ
ഒരു പാണന്റെ മൗനം നിറഞ്ഞുനിന്നിരുന്നു
പള്ളിയുറക്കമായ മേഘങ്ങളെ
ഒച്ചയില്ലാത്ത ഒരലർച്ച കുലുക്കിക്കൊണ്ടിരുന്നു
ചരടുകൾ പൊട്ടി തോലഴിഞ്ഞ കടുംതുടി
താഴ്വരയിൽ കിടന്നിരുന്നു.

പിന്നെ ആരും ഉറങ്ങാത്ത ഒരു രാത്രിയിൽ
വെള്ളക്കല്ലുകൾ പെയ്തുകൊണ്ടിരുന്നു
ഓടിക്കളിച്ച ഉണ്ണികൾ
മുറിവേറ്റു മയങ്ങിവീണു
വെള്ളാരങ്കല്ലുകൾ
പിന്നെപ്പിന്നെ കറുത്തു.
ഒരു കല്ലിലെഴുതിയിരുന്നു;
'എന്നെ എടുക്കൂ
തകർന്ന വിഗ്രഹത്തിലേക്ക് കൂട്ടിച്ചേർക്കൂ'
മറ്റൊരു കല്ലിലെഴുതിയിരുന്നു;
'ഞാൻ മൗനത്തിന്റെ വാക്കായിരുന്നവൾ
എനിക്ക് പുനർജന്മം തരൂ'
ഇനിയൊരു കല്ലിലെഴുതിയിരുന്നു;
'ഞാൻ മൗനത്തിന്റെ വാക്കായിരുന്നവൾ
എനിക്ക് പുനർജന്മം തരൂ'
ഇനിയൊരു കല്ലിലെഴുതിയിരുന്നു;
'ഞാൻ ദാഹത്തിൽ മുങ്ങിമരിച്ചവളുടെ ഓർമ്മ
എന്നെത്തൊടുന്നവർക്ക് ദാഹിക്കുകയില്ല'.

വഴിയോരത്ത്
ഒരു തുണ്ട് തണ്ണിമത്തനുവേണ്ടി
യാത്രക്കാർ പോരടിക്കുന്നുണ്ടായിരുന്നു.
ഭൂമിയുടെ ഹൃദയംപോലെ

അതിന്റെ തേനടകളും തുടുത്ത മാംസവും
കറുത്ത വിത്തുകളും നീറ്റുറവുകളും
ചിതറിക്കൊണ്ടിരുന്നു
വിത്തുകൾ വീണേടത്ത്
ഗന്ധകപ്പുക വമിച്ചുകൊണ്ടിരുന്നു
നദിക്കരയിൽ ഹോമകുണ്ഡത്തിൽ
പക്ഷികൾ പിറന്നുകൊണ്ടിരുന്നു
മേഘങ്ങളെ കൊണ്ടുവരാൻ പറന്നുപോയ
കടലാസ്സുതോണികൾ ഉതിർന്നുകൊണ്ടിരുന്നു
ഒന്നിന്റെ ചിറകു വിടർത്തിനോക്കി
അതിലെഴുതിയിരുന്നു;
'ഓർമ്മകൾ വറ്റിപ്പോയതിന്റെ ദുർവിധിയിൽ
ഓടിത്തളരുന്നവർക്ക് -
വരൂ, ഈ തോണിയിൽ കയറൂ'
ചിതയിലേക്ക് തിരിച്ചുചെന്നപ്പോൾ
മുറ്റത്തെ കല്ലുകളെല്ലാം ചോരച്ചിരുന്നു
ബലിപ്പാട്ടിൽ അവയെല്ലാം
അലിഞ്ഞ് ധാരയായിത്തുടങ്ങിയിരുന്നു.
ഇപ്പോൾ എവിടെയും
പക്ഷികൾ മൃഗങ്ങൾ കാമുകീകാമുകൻമാർ
തിരിച്ചുവരവിന്റെ വിസ്മയവുമായി
താണുതാണുപോവുകയാവാം,
ഭ്രാന്തൻ നൗകകൾ
തിരിച്ചുപോക്കിന്റെ വ്യർത്ഥതയുമായി
മുങ്ങിത്താഴുകയാവാം.

ഈ വീതിച്ചുകിട്ടിയ
നിശ്ശബ്ദതയല്ലാതെ
മരിക്കുമ്പോൾ
ഒന്നും കൂടെ കൊണ്ടുപോകുന്നില്ല.
ഒരു കുല പൂക്കൾ മാത്രം കൊണ്ടുപോകുന്നു
വസന്തത്തിലാണെങ്കിൽ,
അതും അവൻ

കാശ് നേരത്തേ ഏല്പിച്ചിട്ടുണ്ടെങ്കിൽ.

ഇന്ന് നദിയെന്നോടു പറഞ്ഞു;
തൊണ്ണൂറ്റൊമ്പതിന്റെയും ദാഹം തീർക്കാൻ
ഒരുവൻ ഈ പർവതങ്ങൾ കയറിപ്പോയി
അവന്റെ ഉടുക്കാണ് എന്റെ ഹൃദയം
അവന്റെ ബലി മറക്കാതിരിക്കുക. – 1997

## തിരിച്ചുചോദിക്കുന്നില്ല

മഞ്ഞൂഴത്തിൽ പൊട്ടിമുളച്ച വെളിച്ചമേ
നിനക്കൊരു തോറ്റം.
ഉളിപ്പല്ലുകൾക്കും ഇളിപ്പല്ലുകൾക്കുമിടയിൽ
ഇളവ് യാചിക്കാത്ത കരുത്തിന്
നൃത്തത്തിനും നർത്തകനുമിടയിൽ
വെയിൽകുതിരകളെ തിരിച്ചറിയുന്ന കണ്ണിന്
എട്ടുനാഴികപ്പൊട്ടനും ധൂമകേതുവിനും ഇടയിൽ
ഏഴായിരം കടിഞ്ഞാണുകൾ
കൊരുത്തുവെയ്ക്കുന്ന കൈയിന്
ഗൃഹാതുരത്വം വ്യാളിയല്ല ദിനോസറല്ല
ഉരസിയിറങ്ങിയ കുട്ടിക്കാലത്തിന്റെ
കുന്നിൻപുറങ്ങളാണ്
താനും കാക്കപ്പെരുമാളും പങ്കുവെച്ചുതിന്ന
കാരപ്പഴമാണ്
ഇന്നും നൂൽക്കൊടിയിൽ കടച്ചിലുണ്ടാക്കുന്ന
കുഞ്ഞുറുമ്പിന്റെ കടിയാണ്

കരടിക്കും കുളക്കോഴിക്കും ഇടയിൽ പിന്നെ
എത്രയോ കാടുകൾ കുളങ്ങൾ
തിരിച്ചുകിട്ടാത്ത ജന്മമായി.
ശേഷിക്കുന്നത് ഓർമ്മയുടെ ഇല
വേരുപിടിപ്പിക്കുവാൻ ഒരു ചുള്ളിക്കമ്പ്,
കാൽവെള്ളയിൽ അമ്മ മന്ത്രിക്കുന്നുണ്ട്:
കാൽക്ഷണം വേണ്ട
ഏഴുചുവടുകൾ
ഏഴായിരം കുതിരകൾ,
പർവതങ്ങൾ അടുത്തേക്കു വരികയാണ്
പതുക്കനെ....ശീഘ്രഗതിയിൽ....
ധ്രുവങ്ങളിലെഴുതുക
'ആരെയും യാചിപ്പിക്കാത്തവർക്ക്
ഈ ചുംബനം –
ഞാൻ തിരിച്ചുചോദിക്കുന്നില്ല'. – 1997

## ഭഗവദ്ഗീതയിൽ

### ഒന്ന്

"ദേഹം കൈവശമില്ല
ദേഹിയും വശത്തല്ല
അലയുന്നതാരു പിന്നെ?
ഒരു തേരിലിരിക്കുന്നവനോടേ
ഒരു നോക്കിനുപോലും വയ്യ
ഒരായിരം രഥികളോടെങ്ങനെ
പൊരുതുന്നൂ പിന്നെ?
മനോരഥത്തിലേറി
ഒരു ധനംകൂടി കാത്തു ഞാനിരിക്കുന്നു
നരയ്ക്കുന്നേൻ - ഇരുട്ടുന്നേൻ.
നിങ്ങളെയാരെയോ
സ്നേഹിച്ചിരുന്നു
നിങ്ങളിലാരോ വെളുത്തിരുന്നു
പേരെനിക്കോർമ്മയില്ല
മുഖമെനിക്കോർമ്മയില്ല
മണ്ണപ്പം ചുടനാനിത്തിരി
തീ തരൂ
സൂര്യനിൽനിന്നൊരു
തളിർനാക്കില തരൂ."

### രണ്ട്

"ആത്മാവിൽനിന്നുയർന്നൂ വാനങ്ങൾ
ആത്മാവിൽനിന്നൊഴുകി
കടലുകൾ
തേജസ്സ്
അന്നവു-
മന്തവുമങ്ങനെ.
ഒരു സൂര്യനെ നീ കാണാറു-
ള്ളതു ഞാനും കാണുന്നു
ഒരു ചന്ദ്രനെ നീ മെനയാറു-

ള്ളതു ഞാനും കാണുന്നു
ഒരു ചന്ദനെ നീ മെനയാറു-
ള്ളതു ഞാനും മെയുന്നൂ.
ഉദ്വേഗഭരിതം വാക്യം
അസത്യഭരിതം വാക്യം
അപ്രിയഭരിതം വാക്യം
-തപസ്സിൻ വാങ്മയമെങ്ങെടോ
വാങ്മയത്തപമെങ്ങെടോ?' – 1997

## ആര്യവട്ടം

പണ്ടൊരജ്ഞാതസഞ്ചാരി-
ക്കുണ്ടായ് ചെറ്റല്ല വിസ്മയം
താൻവന്നുപെട്ടൊരീനാട്ടിൽ
എല്ലാം കീഴ്മേൽ മറിഞ്ഞതോ.

[1]എറവോൺ എറവോൺ എന്നാ-
ണയാൾ കൂക്കിവിളിക്കുന്നൂ
ആദ്യമായ് കേട്ടൊരാപ്പേരി-
ങ്ങേറ്റുചൊല്ലുന്നു ജീവികൾ.

നിന്ദിച്ചാലേ ഇവിടത്തെ
ദൈവങ്ങൾക്കു രസിച്ചീടൂ
സ്വന്തം നെറുക വെട്ടില്ല
കോമരം, അതു പ്രാർത്ഥിതൻ
ശിരസ്സിലേ സാധിക്കുന്നൂ;
ശിരസ്സിൽ മുറിവില്ലാത്തോ-
രിവിടെ ഭ്രഷ്ടരാകുന്നു.

ഇവിടെ ജ്വരബാധിതർ-
ക്കുള്ളതത്രെ ജയിലുകൾ
ഇവിടെ കുറ്റം ചെയ്തവർ-
ക്കാശുപത്രിക്കിടക്കകൾ.

തന്റെ വീടെത്തുന്നതിനായ്
അന്യവീടുകൾ കേറുന്നൂ
ആയിരം കാതം ചുറ്റിയാ-
ണയൽപക്കം തൊടുന്നതും.

കൊടികളാണിങ്ങുൽപ്പന്നം
തോരണകോണകം, നീളൻ-
നാവുകൾ പാദമെത്തുന്നൂ
കുനിയേണ്ടിങ്ങൊരുത്തനും.

ഓരോ ജാതിവളർത്തുന്നു-

ണ്ടോരോ ജാതിമൃദുസ്മിതം
അതു പൊട്ടിപ്പരക്കുമ്പോൾ
വ്യാധികൾ പലമാതിരി.

ഇങ്ങുദാഹമില്ലൊരാൾക്കും
ദാഹിച്ചാലോ പറയൊലാ
കുളിയില്ല, തോന്നിയാലോ
കളിക്കുക കളിക്കുക.

വിശപ്പില്ല, തോന്നിയാലോ
പിശുക്കാതെ ചിരിക്കുക
ചിരിക്കാൻ പരിശീലനം
നൽകുന്നൂ യന്ത്രസുന്ദരി.
കാതു മൂന്നും മുഖത്താണ്
കണ്ണുകളോ വശങ്ങളിൽ
കൈകളിൽ നാണമാകയാൽ
കൈവണക്കമരോചകം.

പകലത്രെ സൂര്യോദയം
രാത്രിയത്രെ ചന്ദ്രോദയം
ഉച്ചയ്ക്കാണിങ്ങു നക്ഷത്ര-
പ്പകിടകളിയാരവം.
എല്ലാവരും വാളെടുത്തോർ
പേടിയാണേ പരസ്പരം
ഉറങ്ങില്ലിവിടെയാരും
കാണാറില്ലൊരു സ്വപ്നവും

-ഇത്രനേരമായ് വൃത്തത്തിൻ
വക്കിൽ നില്പായിരുന്നെടോ
ഇനിയാവക്കിടിഞ്ഞുള്ളിൽ
തലകുത്തനെ വീണിടാം.
നോക്കുമ്പോളിവിടെല്ലാരും
തലകുത്തിനടക്കുന്നു
ഇരുകാൽകളുമൊട്ടിച്ചേർ-
ന്നൊറ്റക്കാലിൽ കൊടിപ്പടം.

**2**

ഒരുനാൾ വാളും തലയ്ക്കൽ വെ-
ച്ചൊരുവനുറങ്ങിയുണർന്നേറ്റു
തെരുവിൽ പാഞ്ഞു പറഞ്ഞൂ, താൻ
കണ്ട സ്വപ്നത്തിന്റെ മാറ്റുകൾ.

കണ്ട സ്വപ്നത്തെ കാട്ടി-
ക്കൊടുത്താൽ ശിക്ഷയിളവാ-
മെന്നേ ന്യായപ്പെരുമ്പറ.

വെള്ളത്തിൽ മുങ്ങിക്കിടപ്പോർ
ഇവിടത്തെ ന്യായപാലകർ
അവർ പൊങ്ങിവരുന്നേരം
വിധിക്കും വീണ്ടുമാഴ്ന്നുപോം.

**3**

പണ്ടൊരാളെത്തിച്ചേർന്നോരിടം.
ഏതാണീചുറ്റുവട്ടമെ-
ന്നന്വേഷിച്ചലയുമ്പൊഴോ
ഒരു പാറപ്പുറത്തിരുന്നവൻ, പായൽ
ചുരണ്ടിക്കൊണ്ടിരിക്കുമ്പൊഴോ
തെളിഞ്ഞൂ ചില വക്രരേഖകൾ.
ഇതു കണ്ടെത്തി വായിപ്പോനെ
രാജാവായി വാഴിക്കാം.
തൽപുത്രിയെ നൽകാമെ-
ന്നുണ്ടായിരുന്നൂ വിളംബരം.

ഗവേഷണപടുവായിരുന്നൂ
ചക്രവർത്തി, താളിയോലയാൽ
പല്ലുതേച്ചിരിക്കുമ്പോൾ
കേൾക്കായിതിങ്ങനെ:

> 'ആര്യാവൃത്തം ആര്യാവർത്തം
> ആര്യവട്ടം മഹാശ്ചര്യം!'

അവൻ വലത്തോട്ടു വായിച്ചി-
ട്ടിടത്തോട്ടു ചെരിഞ്ഞതും
ഇടത്തോട്ടു വായിച്ചവൻ
വലത്തോട്ടെഴുന്നേറ്റതും
കണ്ടു കണ്ടു മഹാരാജ-
ന്നുള്ളിലുണ്ടായി വിസ്മയം.
ചൊറിച്ചുമല്ലാനന്നാണ-
ച്ചൊറിയന്മാർ പഠിച്ചത്
മറിക്കുംതോറും മലക്കം
മറിയാനും പഠിച്ചത്.

-വെളിപാടുകൊണ്ടോൻ വാളൊടിച്ചൂ
വേളിയിൽ പൂത്തു താമര
തുള്ളിക്കൊരു കുടം പൊട്ടി-
പ്പിറന്നൂ മക്കളായിരം.
അവരിൽ ചിലർ വളച്ചത്രെ
വഴിയെല്ലാം നിവർത്തത്
അവരിൽ ചിലർ കുനിഞ്ഞത്രെ
വഴി നീളെ കമാനമായ്
അതിലൂടെ കടന്നുപോയ്
അകിടൊട്ടിയ ഗോവുകൾ
അവരെത്തേടിയാണത്രെ
അലയുന്നൂ ഗവേഷകർ.

**4**

പലർതൻ കൊഴുവാലല്ലോ
ചിലർതൻ വിത്താലല്ലോ
മരുഭൂമി മലയാളമായ്.
മലയിൽനിന്നെലികളുണ്ടായ്
കടലിൽനിന്നു പൂച്ചകൾ
എലിമാളങ്ങളിൽ കേൾക്കായ്
മലയാളച്ചർച്ചയിങ്ങനെ:
പ്രവാചകരേ തത്ത്വജ്ഞരേ

പൂച്ചയ്ക്കു മണിയോ കെണിയോ
ഏതുവേണം പറയുവിൻ.

മണിയും കെണിയുമൊക്കെ-
പ്പഴഞ്ചനായ്, വേറെ
പണി നോക്കാം നമുക്കെടോ.

ചോദ്യം വേണ്ടാത്ത രാജ്യമാ-
ണിവിടെ വീഴാൻ നിൽക്കുന്നുത്തരം
അരങ്ങൊന്നു കെട്ടാം നമു-
ക്കതിൻ കീഴിൽ കളിച്ചിടാം.
ബെടക്കാക്കി തനിക്കാക്കാ-
മെന്നേ സുന്ദന്റെ നാടകം
തനിക്കാക്കിയും ബെടക്കാക്കാ-
മെന്നാണുപസുന്ദനാടകം.

ഇരുന്നിരുന്നു മുഷിയുന്നോരേ
നിന്നു നിന്നിട്ടു കാണുക
നിന്നുനിന്നു മുഷിയുമ്പോഴോ
കിടന്നുംകൊണ്ടു കാണുക
കിടന്നുകൊണ്ടു നോക്കുമ്പോൾ
അകത്തിങ്ങനെ കേട്ടിടാം:

[2]അറിയില്ല വികാരമേറെയാൾ
അറിവോർപെട്ടിടു, മൊക്കെയൊക്കുകിൽ
നിറവേറുകയില്ല നാടകം
കുറയും ഹാ, സഖി സൂത്രധാരികൾ. –1998

---

1. ബട്ളറുടെ കൃതി ‘Erehwon’ - Nowhere
2. ആശാന്റെ വരികൾ – ഛായാനുകരണം.

## ഗുരുലഘു

നിങ്ങളെൻ മുന്നിലുണ്ടത്രെ
കണ്ണാലുഴിഞ്ഞുനിന്നിട്ടും
ഉള്ളിൽ കേറിപ്പടർന്നീല,
ചെവിവട്ടംപിടിച്ചിട്ടും
കേട്ടില്ലാ കളിയൊച്ചകൾ

നികന്ന പാടങ്ങൾക്കു
നോക്കുകുത്തിപോൽ
ഇറങ്ങും കൊടികൾക്കു ഗാഥപോൽ
താണുപോം കുളങ്ങൾക്കു കൊറ്റിപോൽ
ഇടഞ്ഞു ചിതറുന്ന-
തറിയാമായിരുന്നിട്ടു-
മറിയില്ലെനിക്കു നിങ്ങളെ.
ഉപ്പും പുളിയും പുകയില-
ച്ചാറും നുരയ്ക്കുന്ന നാക്കിനാൽ
നക്കിത്തോർത്തിയിട്ടും
അറിഞ്ഞീലിന്നോളവും

നടിച്ച നാടകത്തിൽ
തിരശ്ശീല പിച്ചിക്കീറി
നാണക്കേടിൻ പഴുതടച്ചു
പലവഴിക്കു പിരിയുവാൻ
അറിയാമായിരുന്നിട്ടും
അറിയാതെയീവെള്ളിക്കാശും
കുലുക്കിനിൽക്കുന്നു ഞാൻ
തിളയ്ക്കുന്നൂ നിങ്ങളിൽ
എൻമുഖത്തേക്കൊരുതൊട്ടിയമ്ലം.
-അറിയാമിതെങ്കിലും
അതി,ന്നുഷ്ണമറിയാതെയെന്തൊരു
തണുവു കാട്ടുന്നു നിങ്ങൾ.

ചിരിതൂക്കിനോക്കാൻ
കണ്ണീരുപ്പു നോക്കാൻ

കണങ്കാലിലൂടെ കടഞ്ഞുവലിക്കുന്ന
കരളിൻ കൊളുത്തിൽ പിടയ്ക്കാൻ
ഒരു ഞൊടി, യാകാശമറവിൽ
ഒരു വിഗ്രഹത്തിനെ പൂമൂടി നിൽക്കുവാൻ
അറിവുണ്ടേ - ഒന്നും
അരിയില്ലെന്നൊരു നാട്യം മതി.

നിങ്ങളെൻ മുന്നിലുണ്ടത്രെ
അറിഞ്ഞീലിന്നോളവും.
പിരിയുകയാണിന്നു നിങ്ങ,ളെന്നാലും
അമറാതെ നിൽക്കുന്നു ഞാൻ
എൻകണ്ണിലൊരു കാരമുള്ളുകേറ്റി
കടന്നുപോകുവിൻ.
ഒരു നിഴൽപോലുമെൻ ചുമരിൽ
ബാക്കിയില്ലെന്നതറിയാതെ പോകുവിൻ
ഇരുൾമോന്തിയൊരു നിലാ-
ത്തളിരു കടിക്കുവാൻ
പുതുമഴക്കളമെഴുതിയാടുമൊരു
നൂലട്ടയാലെ
കണ്ണിനു തെളിച്ചം കൊടുക്കാൻ
മറന്നുപോയത് മറക്കുവിൻ.
അമൃതം തരുമിവ-
നെന്നോർത്തു നിങ്ങൾ
തല താഴ്ത്തി നീങ്ങി-
ച്ചെന്നൂ, പുതുപുതു ‘ചാനലുകൾ’ ഞെക്കി-
പ്പുളച്ചതു മറക്കുവിൻ
കൊന്നപ്പരീക്ഷച്ചുവട്ടിൽ ശീമ-
പ്പന്നഗം നിന്നു പാടുന്നതു കേൾക്കുവിൻ.

അറിയാതിരിക്കലിൻ തീവണ്ടിയപകട-
പ്പാളത്തിലിങ്ങനെ
ഉപ്പും പുളിയും പുകയിലച്ചാറുമായ്
മപ്പു നുരയ്ക്കാത്ത മത്തനായിന്നു ഞാൻ
കുത്തിയിരിപ്പത്

അറിയാതിരിക്കുവിൻ.

പോരിക കൂടെ, അല്ലെങ്കിൽ
പോകിൻ, വല്ല
പൂമരക്കൊമ്പിലും ചാഞ്ഞുകൊള്ളിൻ.
എങ്കിലും ചിലയ്ക്കുന്നൂ, ചില
ശുഭാന്തദുരകളെന്നുള്ളിൽ:
നിങ്ങൾക്കു നന്മവരട്ടെ,
കൈയിൽ വിജയപരാജയ-
പത്രം ചുരുട്ടിത്തിരക്കിക്കുതിക്കുവിൻ.
കംപ്യൂട്ടറൊരുവേള നിങ്ങളെ
ഓർമ്മയില്ലെന്നു ചിണുങ്ങാം
സമ്പൂർണ്ണരാമായണത്തെത്തുളച്ചു
വെടിയുണ്ട പാഞ്ഞുപോയേക്കാം
നിങ്ങളെ നിങ്ങൾ മറക്കുവാനുള്ളൊരു
നഞ്ഞു നുരയുന്നു
മുക്കിക്കുടിക്കുവിൻ.
ഒരുകുട്ട നിഴലെന്റെ കണ്ണിൽ
കുടഞ്ഞിട്ടു പോകുവോരേ
മറവിയുടെ വിള്ളലിൽ
എന്നെങ്കിലുമൊരു
മിന്നാമിനുങ്ങിനെക്കണ്ടാൽ
ഒരുവേള, നമ്മൾ പരാജിതരല്ല.
പൊട്ടിയൊലിക്കുന്ന ചില്ലുതോട്ടിൻ
വക്കിൽ വളഞ്ഞിരിക്കുന്നേൻ
കേൾക്കാമെനിക്കീമഴയിരമ്പത്തിൽ
കലപിലെയാരോ പറഞ്ഞുപോകുന്നത്:
നീളുന്ന ഞാഞ്ഞൂൾ കടിച്ചെടുത്തു
ഊളിയിട്ടോടുമ്പൊഴൊക്കെ
മേലേ കറുത്തൊരു നൂലിളക്കം,
പ്രാണൻ പിടയ്ക്കും തമാശ, മാത്രം.
-പാവം, അവനൊരു ചൂണ്ടൽ
ചാവാതെ കാക്കുന്നു നമ്മെ.

## തനിപ്പിടി

പ്രസ്താവന:

വാൽനരനായേറെക്കാലം
വാലില്ലാതിത്തിരി കാലം
കാലിയായി നടന്നു തപംചെയ്തേറെക്കാലം
പരിണാമക്കഥ വേറെ.
കാട്ടുകടന്നൽ കടിച്ചുമുറിച്ചൂ കാതുകൾ
വെറുതേ ഹോണുകൾ
പെരുവഴിയിൽ മുടന്തിനടന്നൂ
അവതാരങ്ങൾ.
ചെറുവഴികൾ മലമ്പാതകൾ
തേടുന്നത് പുല്ലിൻ പുന്നാരങ്ങൾ.
അവനവനവനറിയേണ്ടതൊരേതരം പുല്ലല്ല
തനിപ്പിടിയൻ മുനിയുടെ കൈയിൽ
ഒരേതരം അമ്പല്ല വില്ലല്ല
കോണിപ്പടികളിൽനിന്നവൻ തെളിക്കുന്നുണ്ട്
നട നടോ നട നട.

സാക്ഷി:

ഇനി തിരിച്ചുപോക്കെന്നാണ്?
ഈ പശുത്വമേറ്റ്
നരത്വമേകാനാരാണ്,
തുണയറ്റു പിണമായി തറ്റഴിച്ചു വണക്കമായി
ഏതു ബോധിച്ചോട്ടിലേയ്ക്ക്?

കാലി:

കണ്ടെത്തിയ പുല്ല് കൊള്ളാൻ കല്പനയായി
ഒന്നും തിന്നരുതെന്ന് കല്പനയായി
തിരിച്ചുചെന്നാൽ ചോദിക്കും
കൊണ്ട പുല്ലേത് കണ്ടതു തന്നെയോ
എത്രകാലം കാത്തുകിടന്നവയ്-

ക്കെത്രയാഴം വേരുകളുണ്ട്?
എന്നുമെന്നും ഈ നടത്തം -
എവിടെയെന്റെ പുല്ലേ
പല്ല് പല്ലിൽ കിടക്കുന്നു.
എപ്പൊഴുമൊരു ഭിത്തി മുമ്പിൽ
തലകുത്തി നിൽപതുണ്ട്
ഒരു ജഡത്തിൻ ചിതൽചിത്രം
താങ്ങിനിൽക്കുന്നുണ്ട്.
ഈ ഭിത്തിയുടെ ഭിത്തിയിലെ
ചിതലിന്റെ ചിതലിലെ
അർത്ഥമെന്താവോ-
നാനാർത്ഥമെന്താവോ?

തനിപ്പിടിയൻ:

വഴികളെല്ലാം എനിക്കറിയാം
തനിപ്പിടിയൻ ഞാനേ
(ഒരു പുല്ലുമില്ലാത്തിടത്തേക്കേ
നിങ്ങൾ പോകുന്നു
അത് എന്റെ ഇഷ്ടം -
നിങ്ങളറിയേണ്ട)

കാലി:

അവന്റെ രൂപം സദാ മുൻപിൽ
ചലിക്കുന്നൊരു കന്മതിൽ.
(എന്നുമെന്നും ഈ നടത്തം-
എവിടെയെന്റെ പുല്ലേ
പല്ല് പല്ലിൽ കിടക്കുന്നു.
കാലി ഞങ്ങളകാലികർ
സമകാലികൾ)

സാക്ഷി:

കാലം നീട്ടിത്തരണേയെന്നു

കോലങ്ങൾ വണങ്ങീട്ടും
തമ്പുരാന്റെ
കുടമണിക്കു കുലുക്കമില്ല.

തനിപ്പിടിയൻ:

വരിക വരിക ഋഷഭങ്ങളേ
കിടാങ്ങളേ
ഗോക്കളേ
നോക്കിയെഴുതാതെ
തരിക തനിയേ ഉത്തരം:
അവനോന്റെ പുല്ലിന്റെ
തുമ്പിൽ തുടിക്കുന്നതെന്ത് -
മണ്ണാശ
പെണ്ണാശ
എത്ര?
തഞ്ചത്തിൽ തക്കത്തി-
ലെത്തിപ്പിടിക്കുമ്പൊ-
'ഴരുതെ'ന്നവാക്കിന്റെ-
യർത്ഥ 'മെനിക്കിഷ്ട'-
മരുളുന്ന പശുവിന്റെ പേരെന്തെടോ?
കൊണ്ടപുല്ലേത്
കണ്ടതൊക്കെത്തന്നെയോ
നിന്റെ പുല്ലേത്
അവന്റെ പുല്ലേത്
ഏതുകുന്നിന്റെയേതു മണ്ടയ്ക്ക്?

സാക്ഷി:

ഒന്നാണു കാലിക, ളല്ലേൽ കുളമ്പുകൾ
എങ്ങനെ തൂലികച്ഛന്ദം വഴിയും
ഒന്നല്ല കാലിക, ളെങ്കിലവരുടെ
ഉത്തരമെങ്ങനെയൊന്നാവും കൂട്ടരേ?

കാലികളുടെ സംഘഗാനം:

“പൽ-പൽ -പല്ലെന്നതു ഞാനറിയും, അതു
പുൽ-പുൽ-പുല്ലെന്നു വെളുത്തിരിക്കും”

സാക്ഷി:

ഈ കൂട്ടത്തിലുള്ളൊരു സുന്ദരിപ്പയ്യൽപ്പം
കൂട്ടിയെഴുതിയിട്ടുണ്ടേ:
‘അറിയാത്തതെഴുതിത്തരാമെന്റെ മാഷേ
അറിയുന്നതെഴുതാൻ പറയല്ലേ മാഷേ
ഒടുവിൽ പ്രസാദിച്ചു ബിരുദമാക്കേണേ
ഒളിവിലെയോർമ്മ മറക്കില്ല മാഷേ’

ഭരതവാക്യം:

അവനവനവനറിയേണ്ടതൊരേതരം പുല്ലല്ല
തനിതനിപ്പിടിയൻമാരുടെ കൈയിൽ
ഒരേ ഒരേ ഒരേതരം അമ്പല്ല വില്ലല്ല.... - 1996

## ചങ്ങാതിക്കുറി

### വരവ്

ക്രോധക്കൊടുംകാറ്റു ചീറ്റുന്ന ബ്രഹ്മൻ
വേഷപ്പകർച്ചയിൽ നഗ്നൻ
നാദപ്പകർച്ചയിൽ മൂകൻ
കാകോളകണ്ഠത്തിലമൃതൻ.
ഭൂതച്ചുഴികൾ തിളയ്ക്കും വയൽകളിൽനിന്നുനീ
കാലമാകുമ്പോൾ കതിർക്കറ്റയേറ്റി-
ക്കിതച്ചുപോവുന്നു.
തോൽക്കുടമെന്റെ -
ടുയ,ലതിൽ തുള്ളി-
ത്തുളുമ്പുന്ന ഭ്രാന്തികൾ
നാക്കിൽ കരിംപുക
ശാപപ്പിണരുകൾ.
വന്നുകേറുന്നൂ മെതിയടിയൊച്ചകൾ
നിന്നുപോകുന്നെൻ ഹൃദയമിടിപ്പുകൾ.
ഉണ്ട് നീ ഏതു തുരുമ്പിലും തൂണിലും
ഉണ്ട്  നീ മുന്നി-
ലിരുട്ടിൽ ഞാനൊറ്റപ്പെടുമ്പൊഴും.
മുറ്റത്തു നിന്റെ തേരൊച്ച കേൾക്കുന്നു ഞാൻ
ഞെട്ടിയുണർന്നു പിടയ്ക്കുന്നു
കൂരിരുൾകട്ടകൾ ചോരയിൽ വീഴ്ത്തിയെൻ
ചാരത്തു സൂര്യൻ പതിക്കുന്നു
തീർത്ഥാടനത്തിനു
ചന്ദനനാഴിയിൽ
ആത്മാവുരുക്കി
പുറപ്പെടുന്നെന്നിനി?

### വിട

ചകിതൻ ഞാൻ നിന്നെ
വെറുതെ യാത്രയാക്കി-
ത്തിരിച്ചുപോരുമ്പോൾ

ഇരുട്ടെന്നോടു പറഞ്ഞത്:
"വിചാരങ്ങളെ നാക്കിനെപ്പോൽ
പുലർച്ചയ്ക്കേ വടിക്കുക
തെറ്റിത്തോന്നാതിരിക്കുവാൻ,
ചകിതനോ നീ ചതിയനോ?
യാത്രയാക്കും മിത്രവും
സംഗതിയറിയാ നിസ്സംഗനെ
കൊണ്ടുപോം തേരാളിയും
ചിരിച്ചുപായും ശകടനും
ചതിച്ചിതൻ മക്കൾ.
ചതിയിൽ നിന്നേ ചരിത്രം,
ചാരിത്രത്തിൻ കഥ-
അപ്പക്കോലെലി തിന്നത്"
പറഞ്ഞതെന്ത്
പറവയില്ലാത്ത വാക്കുകൾ.
വിക്കിനിൽക്കാൻ
വാക്കിനുണ്ട് ചിലനേരം നിയോഗം
'വിഗ്ഗു'വെച്ചു നടിക്കുവാൻ
വാക്കിനുണ്ട് ചിലനേരം നിയോഗം
ദീർഘബാഹു വലിച്ചുനീട്ടി
വലിഞ്ഞുപൊട്ടാനും
വാക്കിനുണ്ട് ചിലനേരം നിയോഗം
ത്യാഗ, മത്രമതിയെന്നുതോന്നി
തന്നിലേക്കു ചുരുങ്ങി നക്ഷത്ര-
ക്കുള്ളനാവാനും
വാക്കിനുണ്ട് ചിലനേരം നിയോഗം.

## തിരിച്ചുവരവ്

അനുനയിപ്പിച്ചകറ്റാൻ കഴിഞ്ഞതിൽ
ചെറിയൊരുന്മാദമോടെ തിരിച്ചു ഞാൻ
വീടുനിന്നിരുൾനാക്കാൽ പുലമ്പു-
'ന്നേതുമട്ടിൽ നീ രക്ഷപ്പെടുന്നു?'
ഏതുമാവട്ടെ, ഇടയ്ക്കിടയ്ക്കിങ്ങനെ

വേവലാതികളാട്ടിയോടിക്കലേ സദ്ഗതി.

ഒന്നുവീർപ്പിട്ടു നിൽക്കുമ്പൊഴേക്കും
തള്ളിയലയ്ക്കുന്നൂ, വീണ്ടുമിതാരെടോ:
പടിക്കൽ വന്നു കൂകുന്നോ
പട്ടിണിപ്പൊന്നുഷസ്സുകൾ[1].
ചെന്നൂ പടിക്കൽ ഞാൻ മൂവുരു ചോദിച്ചു
'അത്താഴപ്പട്ടിണിക്കാരുണ്ടോ?'
കേട്ടതു ഞാനെന്ത്? വാക്കിൻപെരമ്പാ-
ലാരെൻ മുഖമടച്ചാഞ്ഞടിക്കുന്നൂ:
"കണ്ടവർക്കു പിറക്കൊല്ലാ
കാട്ടുമാക്കാൻ കടിക്കൊല്ലാ - നിന്റെ
എച്ചിലിനു കാത്തിരിക്കാൻ - ആ
കവിതയില്ല്യോടാ"
-വണ്ടിയിൽ ഞാൻ കേറ്റിവിട്ട
പൊന്നുചങ്ങാതിയല്ലേ
'താറാവിന്റെ ജൂബ'യാട്ടി[2]
കലിതുള്ളുന്നൂ. - 1998

---

1. പടിക്കൽ വന്നു കൂകുന്നു/പട്ടണിപ്പൊന്നുഷസ്സുകൾ: 'മേഘരൂപൻ', ആറ്റൂർ രവിവർമ്മ.
2. പി.യുടെ ഒരു കവിത.

## പതിവുപോലൊരു പ്രതിഷേധസന്ധ്യ

പുകഞ്ഞുനാറുന്ന ടയറിൻ പന്തങ്ങൾ
വഴിക്കിരുവശം കരിയും പച്ചകൾ-
പതിവുപോലൊരു പ്രതിഷേധസന്ധ്യ

ഒഴിഞ്ഞ കൈ വീശിത്തെറിക്കും ജല്പനം
പുഴയ്ക്കിരുവശം പയറ്റും ചുണ്ടുകൾ-
പതിവുപോലൊരു പ്രതിഷേധസന്ധ്യ.

അടുത്തിരിപ്പുണ്ട് പുരോഹിതൻ, വെന്തു
കനച്ച തീക്കുണ്ഡം, പൊലിയാൻപാറ്റകൾ
പതിവുപോലൊരു നമസ്കാരസന്ധ്യ.

അറിവീലാരാരെ മുറിപ്പെടുത്തിയോ
കടുത്തു ദണ്ഡിച്ചോ കൊലപ്പെടുത്തിയോ-
പുളഞ്ഞൊരുൽക്കണ്ഠ, തരിച്ച മൂവന്തി.

മിഴിച്ച വേതാള പ്രവാഹം, നീലച്ച
കയങ്ങൾ റോഡുക,ളിരുണ്ട പീടിക-
പതിവുനാറ്റങ്ങൾ.

അലർച്ചകളേറ്റിമടുത്ത വാനങ്ങൾ
പ്രതിജ്ഞ ഛർദിച്ചു വിയർത്ത ദിക്കുകൾ
ഇടിച്ചുകേറട്ടെ ഇരുട്ടുമുഷ്ടികൾ-
വിറയ്ക്കുവാനുമെന്നുടലിനാവില്ല
അകം തിളച്ചാലും പുറംപുതയ്ക്കുന്നൂ
പതിവുപോലൊരു തണുത്ത മൂവന്തി
തകർന്നുവോ പാലം, പുഴഞ്ഞരമ്പറു-
ത്തുയർന്ന പാതയെ മഴതകർത്തുവോ
പണിതവർ കള്ളം പെരുത്തുകൂട്ടിയോ
മരിച്ചവർക്കെള്ളും മലരുമേകിലോ,
വെറുതെ വീർക്കുന്ന വിയർക്കുന്ന സന്ധ്യ

കവർന്നവർതന്നെ കവർച്ചയെച്ചൊല്ലി
മുതലപ്പന്തങ്ങൾ പിടിച്ചുനീങ്ങുമ്പോൾ

ചിരിക്കുന്നൂ ജനം കരയുന്നൂ ജനം
ഒടുവിൽ ജാഥയിലരിച്ചുകേറുന്നൂ.
പിണങ്ങളെച്ചൊല്ലി കരഞ്ഞിരിക്കേണ്ട
പണം കിട്ടും റാലിക്കണിനിരക്കണം
വെറുതെയാവില്ലീ നിഷേധനാടകം.

കുഴൽവിളിക്കാരൻ മുറുകിയൂതുന്നൂ
ശിശുക്കൾ പിന്നാലെ ഇരമ്പിക്കൂടുന്നൂ
എലിപ്പനിക്കിന്നു ബലിനടക്കുന്നു.

വിചാരണചെയ്തു മുഷിഞ്ഞിരിപ്പോർക്ക്
വിചാരങ്ങൾ കത്തിക്കരിഞ്ഞ ബുദ്ധന്
പ്രതിമാനാടകക്കളരിയാശാന്
ചിരിപൊട്ടുന്നില്ല, ചിറികോടുന്നുണ്ട് -
പതിവുപോലൊരു പ്രതിഷേധസന്ധ്യ

– 1997

## ഒരിലയുടെ കഥ

(വർഗ്ഗീയത ആളിപ്പടർന്ന തെരുവുകളിൽ ശാന്തിമന്ത്രവുമായി അലയുകയായിരുന്നു ഗാന്ധിജി. അദ്ദേഹത്തെ ദില്ലിയിലേക്കു തിരിച്ചു കൊണ്ടുവരാൻ ഒരു ദൂതനെ പറഞ്ഞയച്ചിരുന്നു. അവർ ഒരു മരച്ചോട്ടിൽ നിന്ന് സംസാരിക്കവേ, ഉണങ്ങിയ ഒരില താഴെ പതിച്ചു. അദ്ദേഹം അതെടുത്ത് ദൂതന്റെ കൈയിൽ ഏല്പിച്ചു - ഗാന്ധിജിയുടെ ജീവിതത്തിലെ ഒരേട്)

കടപുഴകും കാലമാണിന്ത്യയിൽ, പ്രാണന്റെ
രസനാളിയുടയുന്നു
അടരുമോരോ ഇലച്ചുണ്ടിലും 'ഹേ റാം'
അവസാനമന്ത്രം.

ഉയരുന്നിതോർമ്മയിലൊരു വംശവൃക്ഷം
ഉതിരുന്നുണക്കിലകൾ
ഉതിരം തെറിക്കുന്ന രാവിൽ.
അറിയാതെയന്യരായ് കുത്തിപ്പിളർക്കുന്ന
തെരുവിലുണ്ടിപ്പൊഴും
അലയുന്നനാഥമായൊരു ശബ്ദമിന്ത്യയിൽ.

അരുതെന്റെ മക്കളേ, സ്നേഹിതരല്ലെങ്കിൽ
നരജന്മമെന്തിന്
ഹൃദയം പലേതരം പൂക്കൾക്കുകാവാ-
ണല്ലെങ്കിലെന്തിനീ ജന്മം
മിഴികളിൽ ചന്ദ്രസൂര്യന്മാർ
ഇല്ലെങ്കിലെന്തിനീ ജന്മം
പഴയൊരാപാട്ടിൽ മുളയ്ക്കുന്ന വിത്തുകൾ
ഇല്ലെങ്കിലെന്തിനീ ജന്മം
പകയാണ് പകലായി പടരുന്നതെങ്കിൽ
നരജന്മമെന്തിന്
(കടപുഴകും കാലമാണിന്ത്യയിൽ - )

അധികാരിയാവില്ല ഞാൻ, കസേര-
ക്കളിയിലേക്കെന്നെ വിളിക്കാതിരിക്കൂ
അപരാധമറിയാത്ത പൈതങ്ങളമ്മമാർ
പിടയുകയാണിത്തെരുവിൽ

വ്രണിതനാം തോൽവിയായ് ശയ്യചോദിച്ചുകൊ-
ണ്ടവിടേക്കു ഞാനില്ല ദൂതാ.
(കടപുഴകും കാലമാണിന്ത്യയിൽ -)

മിഴിനീർ ചവർക്കുമീകാറ്റിൽ
നിന്റെയുമെന്റെയും സാക്ഷിയീവൃക്ഷത്തി-
ന്നവസാന ഇലയും പതിച്ചൂ.
ഇതു നിന്റെ കൈയിൽ വെയ്ക്കുന്നേൻ
ഇതുകൊണ്ടു പോയിക്കൊടുക്കൂ.
ഇതു നമ്മളെന്നു പറയൂ:
ഈയില ഞരമ്പും പിടഞ്ഞൂ കിശോരങ്ങൾ-
ക്കൊരുനേരം നിന്നു ശ്വസിക്കാൻ
ഈയിലപ്പച്ചപ്പുമിത്രനാൾ നമ്മുടെ
ഹൃദയ മുറിവിൽ മരുന്നായ്.

ഇളന്നീർകിണറുകൾ കലങ്ങുന്നൂ
വെളിപാടുകളറ്റുപോകുന്നൂ
അതുകണ്ടു ദൂതാ കരയാതെ പോകുക.
ഒടുവിലെന്നുപഹാരമോർത്തു ദൈവത്തിനും
ചിരിപൊട്ടി നിൽക്കെ, നീയും ചിരിക്കുക.
നിൻ കണ്ണുനീരാൽ നനയിച്ചൊരീ ഇല
എന്നെക്കണക്കു നീ കൊണ്ടു പോകൂ
(കടപുഴകും കാലമാണിന്ത്യയിൽ -)

## ഇല്ലിപ്പൂക്കൾ

'കട്ടയിട്ടൂ മുളകൾ, ചില വ്യാഴ-
വട്ടമായുള്ള പ്രാർത്ഥനയാണിത്.
ഇത്രനാളും തുള വീണ തൊണ്ടയാൽ
സ്വന്തമൃത്യുതാൻ തേടിയുഴന്നത്.
പൂവിടുന്നതിന്നെന്തൊരു മോഹമാ-
ണാകെ പൊട്ടിത്തരിച്ചു കൊഴിയുവാൻ.
ചങ്കുപൊട്ടി മരിക്കയാണെങ്കിലും
സഞ്ചരിക്കുകയാണു തൻ വേരുകൾ.

ഉണ്ണികൾക്കു കളിവീടു തീർത്തതിൽ
സ്വർണ്ണവിത്തുകൾ വന്നുതിരുമ്പോൾ
മണ്ണിലെന്നോ പുതഞ്ഞ നിധികളെൻ
കണ്ണിലൂടെ കടന്നു പോകുന്നു.
ഏതു പൂങ്കുല എൻ കളം കൊണ്ടത്
ഏതു നാഗമാണെൻ കളം കൊണ്ടത്.
രാവൊടുങ്ങുംവരെയെന്റെ ജീവനാൽ
ഊതിയൂതിത്തെളിഞ്ഞിടും മുമ്പെയ-
പ്പാതിമാണിക്യമാരേ കവർന്നത്.[2]

ഇല്ലിമുൾക്കാടിതെങ്കിലുമെന്നുടെ
ചൊല്ലിയാട്ടക്കളരിത്തറയിത്.
'പോകരുതേ കളിക്കാൻ വളപ്പിൽ
നാഗരാജനും മക്കളുമുണ്ടേ
വെള്ള വെള്ള നിഴലുകളൂരി
പൊന്തകളിലെറിഞ്ഞതു കണ്ടോ.'

അമ്മ പേടിപ്പിച്ചെങ്കിലും ഞാനാ
[3]വെള്ളിമാലകൾ വാരിയണിഞ്ഞു.
ഇല്ലിമുള്ളായലറിടും മുമ്പിതു

ചെല്ലത്തൂലികത്തോപ്പായിരുന്നു.
ആണ്ടവർക്കു വിഷാദമെന്താവോ
[4]ആണ്ടാൻമുളതൻ മുഖങ്ങളിൽ നോക്കൂ.
പന്ത്രണ്ടു വർഷക്കൊടിയേറ്റ നാൾനാളിൽ
പന്ത്രണ്ടു വർഷക്കൊടിയിറക്കങ്ങളിൽ
[5]ആണ്ടിയൂട്ടിനു ഞാൻ കെട്ടിയാടിയ
കാവടികൾ ചെരിഞ്ഞുമറഞ്ഞുപോയ്
കട്ടയിട്ടൂ മുളകൾ - ശിരസ്സുകൾ
എത്രയിങ്ങനെ പൊട്ടിത്തെറിച്ചുപോയ്
ഖാണ്ഡവത്തിലോ തീ പടരുന്നു
കാട്ടുമൂപ്പൻ നിലവിളിക്കുന്നു.
പച്ചിലകൾ തലോടിയുണക്കിയൊ-
രെന്റെ നെഞ്ചിൻ മുറിവു പൊട്ടുന്നു.
തീക്കനലു വിഴുങ്ങിരസിക്കുന്ന
പാക്കനാരേ ചിരിക്ക്, ചിരിക്ക്

–1998

---

1. ഇല്ലിമുള പൂക്കുന്ന കാലം
2. മുളംകൂട്ടങ്ങൾക്കരികിലെ പാമ്പിൻ കാവ്
3. പൊഴിഞ്ഞ പടങ്ങൾ
4. പുതുമുളം കൂമ്പുകൾ, പേനകൾ പോലെ,
5. മുരുകൻ

## ഒരു നഗരക്കിനാവ്

ചിലങ്കയിട്ടു കിലുക്കി
ഞൊറിപ്പാവാട വിടുർത്തി-
ചുറ്റും ഫാനിൻചോട്ടിൽ
ഇക്കഴിഞ്ഞ നിമിഷംവരെയീ
ഇണക്കിടക്കയി-
ലുറങ്ങിപ്പോയവരാരോ.

എന്നെയുമിന്നിതിനുദരത്തിൽ
കൊണ്ടു നടക്കണമൽപംനേരം
പന്ത്രണ്ടാം മുറിയപ്പുറം
പതിന്നാലാം മുറിയിപ്പുറ-
മുണ്ടെന്നല്ലോ
ആരും പരിചയമില്ലെന്നാലും
ഓരോ ശ്വാസവുമൊന്നിച്ചല്ലോ,
പഴയോരിത്തടി
ചുങ്ങിയതെങ്കിലു-
മുള്ളിലുറക്കുത്താതിപ്പൊഴു-
മേന്തിവലിക്കുന്നു
വെള്ളം വറ്റിയ നഗരിയിൽ
പാതിരയിൽ പകലിരുളിൽ.

ഒറ്റയ്ക്കീ നഗരം കാണാ-
നെത്തിയതെന്തിന്,
കിളുന്തു തേയില മണമുള്ളൊരു
ചങ്ങാതിയെനിക്കുണ്ടിവിടെ
അവനെക്കാണണ,-
മേറെ ദൂരം കാലിൻ തോലുകടിച്ചു വലിച്ചൂ;
ഒരു പോള മയങ്ങണമുണരണ-
മവനെ കണികണ്ടേ പോണം.

മുഷിഞ്ഞ വാക്കു
കുമിഞ്ഞപുതുപ്പിൽ
മുഖമമർത്തി മയങ്ങുമ്പോൾ

അരികിലൊഴിഞ്ഞൊരു കട്ടിൽ
അതിലുണ്ടൊന്നിനുമീതൊന്നായ്
അസംഖ്യം നിഴലുകൾ.
കാതുണ്ടിച്ചുമരിനു, ചോദിച്ചാ-
ലതു പറയും അവരുടെ കഥകൾ.
അറിയാത്തൊരു കുട്ടിക്കാലം
പട മൊരിഞ്ഞൊരു പാൽപാത്രം
നിറവേറാത്തൊരു പൂക്കാലം
പാതി മരിച്ചൊരു പൂമ്പാറ്റ.
ചുകന്നൊരു റിബ്ബൺ
ഏതോ ഭാര-
ക്കനവുകൾ ധൃതിപൂ-
ണ്ടോടി വീണ വടുക്കൾ.
നാലു മണിപ്പൂവൊരു മൂലയിൽ:
ഏതോ വീട്ടുവളപ്പി-
ന്നന്തിവിഷാദം
കൂടെപ്പോന്നതുമാവാം.
പോള തുറന്ന മണിപ്പേഴ്സൊന്നു-
ണ്ടരികിൽ
ഒരു ടിക്കറ്റ്,
കിട്ടാ ലോട്ടറി.

ചിലങ്കയിട്ടു കിലുക്കി
ഞൊറിപ്പാവാട വിടുർത്തീ-
ട്ടെൻ മിഴിയണിയറയിൽ
ആരേ നൃത്തം വെയ്പൂ, ഇവിടെ-
പ്പല നാളായ് വന്നവർ പോയവരെല്ലാം
ഈ നിമിഷത്തിൻ ചിറകിൽ
ഓരോ പുള്ളിക്കുത്തുകളായി-
ത്തിരിച്ചു വന്നു കഴിഞ്ഞൂ.
എന്തൊരു ഭാരം
പോളതുറക്കാനാവാ-
തന്ധാളിക്കേ

‘എന്തൊരുറക്കം
മോന്തുകയിത്തിരി ചായ’
എൻ ചങ്ങാതി വിളിക്കുന്നോ.
കതിന മുഴക്കി വടക്കുന്നാഥൻ
കാവൽ വിളിക്കും നഗരത്തോളം
കർക്കടകക്കതിർ ചൂടി
പട്ടാമ്പിപ്പുഴ പാഞ്ഞെത്തി
എന്നോടിതു പറയുന്നോ:
എന്നരികത്തേറെക്കാല-
മിരുന്നവനോട്
കിളുന്തു തേയില-
മണമുള്ളൊരു മകനോട്
ഒരു സന്തോഷം പറയുക
അവനെ നിറകണ്ണാലോർമ്മിപ്പൂ,
എൻ നെഞ്ചിൽ കാക്കു-
ന്നവന്റെ ശ്രീവത്സം. – 1998

## സുകൃതം

ധൃതിപിടിച്ചോടും സുകൃത്തേ
സമയമിരമ്പുന്നതില്ല
കല്ലറ പിളർന്ന്
ചാട്ടവീശി
പിന്നാലെയാരും വരുന്നതില്ല
കാൽചുറ്റിക്കരയാൻ
വരുന്നില്ല കുട്ടികൾ
കക്കളടരാത്ത പാറയിൽ
നക്രം മണത്തു കിടക്കുന്നതില്ല.

കാറ്റത്ത് മറ്റൊരു കാറ്റുപോലല്ല
കാറ്റിലൊരു പച്ചില പോലെയുമല്ല
കാതിൻചുഴികളെ തോണ്ടിക്കളഞ്ഞ്
കണ്ണിൻ ശലഭങ്ങളെ തട്ടിമാറ്റി
ധൃതിപിടിച്ചോടും സുഹൃത്തേ....
-കവി വിളിക്കുന്നൂ കവിയെ
കവിതയുടെ കാര്യം പറയുവാനല്ല
കവിത കൈമോശമായ്
അതിവിടെയെങ്ങാനും തിരയുവാനല്ല
ഇടിവണ്ടിയിൽ വെച്ചു കൊന്നിട്ട തുമ്പിക്കു
പതിവിൻപടി ശോകം ചാർത്തുവാനല്ല
അധികാരം കൊയ്തൊരു കവിയെ വിളിക്കുന്നൂ
വഴിവക്കിലെ കവി
ചുണ്ടു തുറക്കാതെ
എത്രയുമപൂർവ്വം വരച്ചുമായ്ക്കുന്നവൻ,
പഴയൊരരിവാൾ
പഴയ പുത്തൻകലം
ഇവിടെയെങ്ങാനും തിരയുവാനല്ല
-വെറുതെ.

ധൃതിപിടിച്ചോടും സുകൃത്തേ
വെയിൽ കൊള്ളുമെന്നാണെങ്കിൽ

നറുനിലാവിൻ നിഴൽവാക്കുകൾ കൊണ്ടു നിൻ
നിറകയ്ക്കു പൂപ്പന്തൽ തീർക്കാം.
മഴ പെയ്യുമെന്നാണെങ്കിൽ
നിൻ മേലൊരു തുള്ളി വീഴാതെ നോക്കാൻ
നിൽക്കാം കമാനമായ്
ഞാൻ വള,ഞ്ഞെന്നൊരു
കവിയോടു മറ്റൊരു കവി പറഞ്ഞപ്പോൾ
മാനം തരിച്ചു
മഴവില്ലാ, യതിൻ തുമ്പിലൊ-
രുൽക്കണ്ഠ തൂങ്ങിക്കിടക്കുന്ന കണ്ടു
അതുപൊട്ടി വീണിടം
        കത്തിക്കാളുന്ന കണ്ടു
അതു മോന്തിയുണ്ണികൾ
        പിടയ്ക്കുന്ന കണ്ടു
ജീവനിൽ കൈ ചേർത്തു
        പായും മൃഗങ്ങളെ കണ്ടൂ
അരമനയിൽ ചേക്കേറു-
        മമ്പലപ്രാക്കളെ കണ്ടൂ.

ഇടി വെട്ടിയില്ല-
അപരനാം കവിയൊരു
കൂണായ് മുളച്ചതുമില്ല.                    – 1998

## എന്തെഴുതണം

എന്തെഴുതണം എന്നെക്കുറിച്ചോ
എന്തുമാകട്ടെ നിന്നെക്കുറിച്ചോ.
കണ്ടു കണ്ടു മറന്നതാണല്ലോ
പിന്നെ എന്തൊരു വേഗത്തിലോർത്തൂ.
കണ്ടതോർക്കാതിരിക്കയാലിത്രനാൾ
കണ്ണിൽനിന്നും മറഞ്ഞില്ല, യോർത്തോർ-
ത്തുള്ളു കീറിപ്പിടഞ്ഞിരുന്നെങ്കിലോ
നിൻ നിഴലെന്റെ കല്ലറയായേനേ-
കുറ്റിരുട്ടത്തു ചൂട്ടമായ് വന്നൊ-
രൊറ്റ നക്ഷത്രം കാവൽ നിന്നപ്പോൾ
കുത്തിവീഴ്ത്തിയതിനെയും നമ്മൾ-
ക്കത്രമാത്രം കലിച്ചൂ വെളിച്ചവും.

കണ്ണുതാഴ്ത്തിയുയർത്തുമ്പൊഴേ-
ക്കെന്തോ വന്നിടിക്കുന്നു നെഞ്ചിൽ
കൊമ്പുതാഴ്ത്തിമറിയുന്നു
എത്രസുന്ദരം സൗഹൃദമൃത്യുവെ-
ന്നെന്നരികിൽ പറയുന്നു കാക്കകൾ.

ആരെയും നോക്കിയല്ല നടക്കുന്നു
ആരു മൂത്തപനയി,ല്ലിതിൻ ചോട്ടിൽ
എല്ലുമൂത്തൊരു കോഴിയുമില്ലെടോ
ആർക്കുവേണമിച്ചൊല്ലുകൾ; ജീവന്റെ
നീർച്ചുഴിയിൽ മുതല വിളിക്കുന്നു
-പോരികെൻ കണ്ണുനീരിതു കാണുക.
എന്തെഴുതണമെന്നെക്കുറിച്ച് -
തെല്ലുമില്ലതിൽ സംശയം, പക്ഷേ
നിന്നെപ്പറ്റിയെഴുതുമ്പൊഴൊക്കെയും

എന്നെപ്പറ്റിയാകുന്നു - ഇതിൽപരം
എന്തുവേണം. ഒരേ ഗർഭസന്ധിയിൽ
വിണ്ടുകീറിപ്പുറത്തേക്കു വന്നുനാം.
നീ ചിരിക്കുന്നു ഞാനും ചിരിക്കുന്നു
നീ കരയുന്നു ഞാനും കരയുന്നു
നീയൊരു മുലയീമ്പിവലിക്കുന്നു
ഞാനുമതേ മുലയ്ക്കായി കരയുന്നൂ
നീകെട്ടുന്ന പെണ്ണെനിക്കാവണം
നീ വെയ്ക്കുന്ന വീടെനിക്കാവണം
നിന്റെ മൂട്ടിൽ മുളയ്ക്കുന്നൊരാലിൻ
ചോട്ടിലാവണമെന്റെ സിംഹാസനം.

നിന്റേതൊക്കെയന്റേതാവണം - ഇതിൽപരം
എന്തുവേണം. ഒരേ സ്നേഹസന്ധിയിൽ
വിണ്ടുകീറിച്ചിരിക്കുന്നു ത്യാഗികൾ.
എങ്കിലും വെള്ളപൂശിത്തരുന്നു ഞാൻ
നിന്റെ സങ്കടക്കല്ലറയ്ക്കിന്നെടോ. - 1998

## ഒരു സുഹൃത്തിന്റെ ജീവിതത്തിൽ

ചെത്തുവഴികളിൽ പാടവരമ്പിൽ
കുന്നുംപുറങ്ങളിൽ കൈത്തോടിൻ കരയിൽ
നിന്റെയുള്ളംകാൽ പരിഭവിക്കുന്നു-
ഒരു ജോഡി ചെരിപ്പെനിക്കു വാങ്ങിച്ചുതന്നില്ലല്ലോ.
തോലിനോടും മാംസത്തോടും കലഹിച്ചൊരു
മൂപതിറ്റാണ്ടു കടന്നുപോയ്.
വറ്റിത്താഴും കുളത്തിൽ മുങ്ങുമ്പോൾ
നീർക്കോലിയോടും തവളയോടും
അനന്തമാം വേർപിരിയലോർത്തു
വെള്ളപ്പൂണൂലുണ്ടായിരുന്നു
ഓർമ്മയുടെ വിരലതു തടവിനോക്കുന്നില്ല.
കണ്ണെത്താത്തിടത്തോളം പച്ചപ്പാടം
നീലിച്ച്, സ്വർണ്ണപ്രവാഹമായ്.
അരിവാൾകിലുക്കങ്ങൾ
മെതിപ്പാദസരക്കോലാഹലം
അറകളിലതിധന്യധാന്യക്കൂമ്പാരങ്ങൾ
അളന്നും ചൊരിഞ്ഞും ഊട്ടിയ
കൃപാകാലങ്ങൾ മറന്നുപോയ്.
മറക്കാതിരിക്കുന്നൂ
മണികൾകൊഴിഞ്ഞൊരു
കതിർക്കുല നോക്കുകുത്തി
-അതിൻചോട്ടിൽ അന്നന്നത്തെ സ്വപ്നങ്ങൾ
കമ്പ്യൂട്ടർക്കുടലുകൾ
ദൂരദർശനഞ്ഞരമ്പുകൾ റിപ്പേർചെയ്യാൻ
നിത്യവും വെളുപ്പിനു നീയിരിക്കുമ്പോൾ
സൂര്യൻ വന്നിടംവലംവെച്ചു ഗായത്രി ചോദിക്കുമ്പോൾ
പറയുന്നൂ നീ;

സവിതാവേ എൻ ഹൃദയത്തെ പൊള്ളിച്ചു നീ
പിതൃഗർവത്തിൻ ചതുപ്പുനിലത്തൂടെ
മുളയ്ക്കാത്ത വിത്തും തന്നെന്തിനെന്നെപ്പുറത്താക്കീ.

എന്റെ ദേഹമിതു ഗായത്രി
ജലശൂന്യതയിൽ മുങ്ങിനീരുമ്പോൾ
കൈക്കുടന്നയിൽ
തിളയ്ക്കും മണൽമാത്രം.
അന്നമേ ബ്രഹ്മമേ
പടിക്കൽ കൈനീട്ടി-
ത്തളരുന്ന ജീവനം.
വീതിച്ചമണ്ണിൽ പൊട്ടിമുളച്ചൂ
കാരമുള്ളുകൾ
അമ്മ അമ്മ എന്നകറുന്നൂ
പൈക്കിടാങ്ങൾ
-എന്നുള്ളിലൊരു പച്ചിലമരമില്ല.

ഏഴുതലയുള്ള കവുങ്ങുണ്ടായിരുന്നു
പാരേഴും വന്നാ ചെമ്പഴുക്ക മുറുക്കി
വെടിവട്ടം മുഴക്കി-
ത്തരിപ്പിച്ചൂ രാക്കളെ നിലാക്കളെ
തുടുപ്പിച്ചൂ പകൽകളെ.
ഏഴുകൊമ്പുകൾ ചന്ദ്ര-
താരാഗണം തൂക്കിയോ-
രെഴുനിലക്കാവടി,
അതിലൊരു മയിൽപീലിക്കണ്ണനായ്
വൃന്ദാവനം മടുത്തു
തൂങ്ങിച്ചത്തെൻ ബാല്യം.

സവിതാവേ നിനക്കിത്ര ചൂടുകിട്ടി-

താരുടെ സന്തപ്തപരിത്യാഗങ്ങളാൽ
സവിതാവേ നിനക്കിത്ര ക്രൗര്യം കിട്ടിയ-
താരുടെ നാഥമാം കണ്ണുനീർച്ചുഴികളാൽ.
ഇനിയും നിനക്കെന്തു
ഗായത്രി തരുവാൻ ഞാൻ
ഇതാണെന്നുടൽപ്പൂട്ടി-
ന്നസ്വസ്ഥ ജാഗ്രത.
കുളിച്ചൂത്താചമി-
ച്ചെതിരേറ്റൂ
നിന്നെയൊരുകാലം,
വെറുപ്പാണെനിക്കിപ്പോൾ
അതു തുപ്പിത്തെറിപ്പിക്കണം
അതാവട്ടെ ഇപ്പോൾ- – 1998

## മൃത്യുവിൻ പേരുകൾ

കൊത്തും കോളും നിറഞ്ഞൊരു പൂമരം
വിസ്മൃതികൾ കടഞ്ഞിട്ട കോമരം.

പൊത്തിയ മുഖം പൊക്കി നോക്കുന്നു
പണ്ടത്തെയാ പാഠശാല
ഏതോ ജന്തുവിന്നസ്ഥികൂടം.
പെറ്റുവെന്നോ മയിൽപീലി, പുസ്തക-
ക്കെട്ടറുത്തു പറന്നോ പ്രവാസികൾ.

കൊത്തിയ പേരുകൾ രാധയോ കൃഷ്ണനോ
എത്രകാലം മരങ്ങളോർക്കുന്നു
വട്ടം വീശിയ മാവുകൾക്കെന്റെ പേർ
കെട്ടിപ്പിടിക്കുന്ന വള്ളിക്കു നിന്റെ പേർയ

നൂറു കൈയുകൾ കോറിയ വാക്കുകൾ
ചീർത്തു നിൽക്കുന്നൊരുങ്ങിന്റെ നെഞ്ചിൽ
നീ കുറിച്ചു 'ഗാഗുൽത്താ[1]
ഞാൻ വരച്ചൂ 'പിയത്താ.'[2]
-എങ്കിലും ദൈവമേ
കൈവിട്ടതെന്ത്!

പേരോർമ്മയില്ലിന്നെനിക്കും നിനക്കും
പേരുകയില്ല നാവും.
ഏതുദേശം ഇതേതുകാലം
വായ്ക്കരിയിലേക്കാർക്കുന്നു ജാഥ.
പണ്ടു വാരിപ്പുണർന്ന തണൽകളേ- ഇല്ല...
ചക്രവാളപ്പുറ്റുകൾക്കുള്ളിൽ
കോടികോടി ഫണങ്ങളേ - വാഴുക...
[3]'ഈ-മെയിൽ' കൂവൽ കാതോർത്തിരിക്കയാം.

താഴെ നോക്കൂ തിളയ്ക്കുമൊഴുക്കിൽ
താണു താണു മറയുന്നതാരോ.
കൊക്കുരുമ്മിയ കാലത്തു നമ്മൾ
കൊത്തിവെച്ചതു
മൃത്യുവിൻ പേരുകൾ. – 1998

---

1. ഗാഗുൽത്താമലയിൽ – യേശുവിന്റെ ക്രൂശിതരൂപം
2. യേശുവിന്റെ ജഡം മടിയിലെടുത്ത് വിലപിച്ചിരിക്കുന്ന കന്യാമറിയം.
3. E-mail.